✠

കർമ്മല കുസുമം.

പുസ്തകം ൨.] ഫൻറ നമ്പർ. [ലക്കം ൯.

The Flower of Carmel



മാസംതോറും പ്രസിദ്ധപ്പെടുത്തുന്നതു്.

"A catholic newspaper in a parish is a perpetual mission" (Pope Leo XIII)

"ഒരു കത്തോലിക്കാ പത്രം ഒരു ഇടവകയിൽ നിത്യമായ ഒരു ധ്യാനമാകുന്നു" ഫാ-൧൩ ലേ ഓൻ മാർപ്പാപ്പാ.

Superiorum Permissu

St. Joseph's Convent Press Mannanam, 1904.

തിരുഹൃദയ ഭക്തന്മാർ

ഫെബ്രുവരി മാസത്തിൽ വൈകുന്നേരം പ്രാർത്ഥിക്കേണ്ട പ്രാർത്ഥന.

"മരിക്കുന്നവർക്കു നല്ല മരണം കിട്ടുവാൻ അഭ്യർത്ഥിക്കുക."

വിവരണം.

മനുഷ്യന്നു എല്ലാത്തിലും വലിയ ഭാഗ്യം ഒരു നല്ല മരണം കിട്ടുന്നതാകുന്നു. ഈ സംഗതിയിൽ ചെയ്യുന്ന സഹായം എല്ലാത്തിലും വലിയ ഉപകാര പ്രവൃത്തിയാകുന്നു. എന്നുമാത്രമല്ല ലോകരക്ഷിതാവായ ഈശോയുടെ തിരുഹൃദയത്തിനു ഏറ്റവും ഇഷ്ടമുള്ള സൽക്രിയയുമാണു. അതുകയാൽ തിരുഹൃദയ ഭക്തന്മാരെല്ലാവരും മരണാവസ്ഥയിൽ കിടക്കുന്നവർക്കു നല്ല മരണം കിട്ടുവാൻവേണ്ടി പ്രാർത്ഥിക്കയും പാടുള്ള സഹായങ്ങൾ ചെയ്തുകൊടുക്കയും ചെയ്യേണ്ടിയിരിക്കുന്നു.

പത്രവരി വിവരം.

ആണ്ടൊന്നുക്കു തപാൽക്കൂലി ഉൾപ്പടെ ബ്രിട്ടീഷ് രൂപാ ഫ.
യാതൊരുത്തൻ ഓരോ പേരെ പത്രവരിക്കാരായി ചേർത്തു പോരുകയും സ്വന്തമേൽവിലാസത്തിൽ പത്രങ്ങളെല്ലാം ഏറ്റുവാങ്ങിച്ചു കൊടുക്കയും പത്രവരിപിരിച്ചു ഒന്നാകെ അടയ്ക്കുകയും ചെയ്യുന്നതായാൽ അയാൾക്കു നാമത്തെ ഒരു പത്രം സൌജന്യമായി കൊടുക്കപ്പെടുന്നതാണ്.

സംഗതി വിവരം.

I ശുദ്ധീകര സ്ഥലം.
II സുവിശേഷ വിവരണം.
III അമലോത്ഭവ പ്രസ്താവന ജൂബിലി.
IV യേശു, യോഹന്നാൻ അക്രൂസിന്റെ ചരിത്ര സംക്ഷേപം.
V ഒരു നാസ്തികന്റെ ഭയങ്കര മരണം.
VI ജപമാല സഖ്യതയുടെ നിയമങ്ങൾ.
VII തിരുഹൃദയ സംജീവിത സംഘ സഭ.
VIII ലോകവർത്തമാനച്ചുരുക്കം.

എഴുത്തുകുത്തുകൾ താഴെവരുന്ന മേൽവിലാസത്തിൽ നടത്തേണ്ടതാണു.

മേൽവിലാസം.

"കർമ്മലകുസുമം", മാനേജർ.

മാന്നാനം.

☞ ആക്കെങ്കിലും പത്രം കിട്ടാതെവന്നാൽ അതുമാസം പതിനഞ്ചുകം ഇവിടെ അറിയിച്ചുതരേണ്ടതാണു. അങ്ങനെചെയ്യാതെ പിന്നിട്ട പത്രം കിട്ടിയില്ലെന്നുള്ള പരാതി സ്വീകരിക്കപ്പെടുന്നതല്ല.

I ശുദ്ധീകരസ്ഥലം.

൧രം മാസം ശുദ്ധീകരസ്ഥലത്തിൽ വേദനപ്പെടുന്ന ആത്മാവുകളുടെസഹായത്തിന്നായി പ്രത്യേകംനിശ്ചയിക്കപ്പെട്ടിരിക്കയാൽ ൧രം വിഷയത്തെക്കുറിച്ചു അല്പം പറയുന്നതു അനുചിതമാകയില്ലെന്നു വിശ്വസിക്കുന്നു.

൧. ശുദ്ധീകരസ്ഥലമുണ്ടെന്നുള്ളതു സംശയമില്ലാത്ത സംഗതിയായിരിക്കുന്നു. എന്തെന്നാൽ പാപം ദൈവത്താൽ പൊറുക്കപ്പെട്ടാലും അതിന്നുള്ള കാലത്തിന്നടുത്ത ശിക്ഷ മുഴുവനും ക്ഷമിക്കപ്പെടുന്നില്ലെന്നു വേദാഗമത്തിൽ നിന്നു നാം അറിയുന്നു. ഇപ്രകാരം ദാവീദിനോടു വ്യഭിചാരത്തിന്റെയും കൊലപാതകത്തിന്റെയും കാരണം ദൈവം പൊറുത്തെങ്കിലും അയാളുടെ പുത്രന്റെ മരണം മുതലായ ചില ശിക്ഷകളെ അയാൾക്കു കല്പിച്ചു. പാറയിൽനിന്നു വെള്ളം പുറപ്പെടുവിക്കുന്ന സംഗതിയിൽവച്ചുണ്ടായ മൂശയുടെ അവിശ്വാസകാരത്തെ ദൈവം ക്ഷമിച്ചെങ്കിലും ആ കാരത്തിന്റെ ശിക്ഷയ്ക്കു അദ്ദേഹം പറഞ്ഞൊപ്പിന്റെ നാട്ടിൽ കയറുന്നതിന്നിടവരാതെ വനാന്തരത്തിൽ വച്ചു മരിക്കുന്നതിന്നിടയായി. ൧രം അഭിപ്രായം സ്വഭാവത്തിൽനിന്നു തന്നെ വ്യക്തമായിരിക്കുന്നു. എന്തെന്നാൽ ശരീരത്തിൽ നിന്നു അസ്ത്രം വലിച്ചെടുത്താലും മുറിവു പൊക്കാറുതെ ശേഷിക്കുന്നില്ലയൊ? വിശേഷിച്ചും മാലാകയ്ക്കുടുത്ത തോന്മാ മല്ലാൻ പറയുന്ന ന്യായം കേട്ടുകൊൾവിൻ. മനുഷ്യൻ പാപം വഴിയായി അപരിമിതവും അഭേദ്യവുമായ നന്മയിൽ നിന്നു പരിമിത സൃഷ്ടിപ്പിൻ പക്കലോടു തിരിയുന്നു. ഏതിൽ നിന്നു അകലുന്നൊ ആ വസ്തുവിന്റെ ന്യായത്താൽ നിത്യ ശിക്ഷയ്ക്കും ഏതു വസ്തുവിലോടു തിരിയുന്നൊ ആ വസ്തുവിന്റെ ന്യായത്താൽ അനിത്യ ശിക്ഷയ്ക്കും മനുഷ്യൻ പാത്രവാനായിരിക്കുന്നു. അപ്പോഴൊ പാപം പൊറുക്കപ്പെട്ടാലും കാലത്തിന്നടുത്ത ഒരു ശിക്ഷ ശേഷിക്കുന്നെന്നു തെളിയുന്നു. ഇതു ഇഹലോകത്തിൽ എപ്പോഴേക്കും പരിഹരിക്കപ്പെടാത്തതിനാൽ മറുലോകത്തിൽ പരിഹരിക്കപ്പെടേണ്ടതാണ്. അതുമല്ല, പുണ്യവാന്മാർക്കുടെയും പല ലഘുവായ പാപങ്ങളിൽ വീണുപോകുന്നതിനു ഇടവരുന്നു. ഇപ്രകാരമുള്ള പാപങ്ങൾ മനുഷ്യനെ ദൈവത്തിൽനിന്നു വേർതിരിക്കുത്തതിനാൽ അവൻ അവ വഴിയായിനരകപ്രാപ്തനാകുന്നില്ല. എങ്കിലും (Apoc. XXI) അശുദ്ധമായതൊന്നും മോക്ഷരാജ്യത്തിൽ കയറുവാൻ വഹിയാത്തതിനാൽ അവകളിൽ നിന്നു ശുദ്ധമായല്ലാതെ മോക്ഷം പ്രാപിപ്പാൻ പാടുകയില്ല. ആയതിനാൽ അല്പ ദോഷങ്ങളോടുകുടെ മരിക്കുന്നവരും പ്രായശ്ചിത്തകുടം മുഴുവനും തീർക്കാത്തവരും കാലത്തിന്നടുത്ത ശിക്ഷയെ അനുഭവിച്ചുകൊണ്ടു ആ ദോഷങ്ങളെയും കടങ്ങളെയും പരിഹരിപ്പാൻതക്ക ഒരു സ്ഥലം ഉണ്ടാകേണ്ടതാണ്. ൧രം സ്ഥലമാണു ശുദ്ധീകരസ്ഥലമെന്നു പറയുന്നതു്.

൨. ശുദ്ധീകരസ്ഥലമുണ്ടെന്നുള്ള സ

ത്യം പല വിശ്വാസ യോഗ്യമായ ചരിത്ര സാക്ഷികളാൽ തെളിവാക്കിരിക്കുന്നു. ഇങ്ങനെയുള്ള സംഭവങ്ങളിൽ വച്ചു രണ്ടു മാത്രം ഇവിടെ കാണിക്കുന്നു.

ഇവയിൽ ഒന്നു വിശുദ്ധ ഔഗുസ്തീനോസ്, വിശുദ്ധ അഗുസ്തീനോസിനു എഴുതിയ ഒരു ലേഖനത്തിൽ വിവരിക്കുന്നതാണു്. എന്തെന്നാൽ: മരിച്ചവരുടെ ആത്മാക്കൾ ഉയിർപ്പിന്റെ ശേഷം ശരീരത്തോടുകൂടെ ഒന്നിക്കുന്നതുവരെ യാതൊരു പാടുകളും അനുഭവിക്കുന്നില്ലെന്നു ആ കാലത്തു ചില പാഷാണ്ഡർ പഠിപ്പിച്ചിരുന്നു. ഒരുദിവസം വിശുദ്ധ ഒരംറാനീമോസ് മുൻ തന്റെ ശിഷ്യനായിരുന്ന എവുസെബ്യൂസ് എന്ന ദേഹത്തിനു പ്രത്യക്ഷനായി, താൻ വനത്തിൽ വച്ചു് വസ്ത്രമായി ധരിച്ചിരുന്ന സാക്കു അന്നു മരിച്ച മൂന്നു അളുകളുടെ പ്രേതങ്ങളിന്മേൽ ഇടണമെന്നു കല്പിച്ചു. കല്പനപ്രകാരം ചെയ്തു ഉടൻ പള്ളിയിൽ കൂടിയിരുന്ന ജനപുരുഷാരത്തിന്റെ മുമ്പാകെ മരിച്ച മൂന്നു പേർ ഉയിർക്കയും ഇപ്രകാരം പറഞ്ഞുമായിട്ടു പറകയുംചെയ്തു: "ഞങ്ങൾ മരിച്ച ശേഷം വിശുദ്ധ ഒരംറാനീമോസിനാൽ നരകത്തിലേയ്ക്കും ശുദ്ധീകരസ്ഥലത്തിലേക്കും കൂട്ടിക്കൊണ്ടു പോകപ്പെട്ടുകയും ആ സ്ഥലങ്ങളെ ദർശിക്കയും ചെയ്തു. ഇരുപതു ദിവസങ്ങളുടെ ശേഷം എവുസേബ്യൂസെന്ന ദേഹത്തോടുകൂടെ ഞങ്ങൾ മരിക്കും. ഞങ്ങൾ കത്തോലിക്കാ വിശ്വാസം അനുസരിച്ചതുകൊണ്ടു പ്രായശ്ചിത്തം ചെയ്തുമെങ്കിൽ മോക്ഷഭാഗ്യം പ്രാപിക്കയും ചെയ്യും." ഇവർ കണ്ട ശിക്ഷകളുടെ സ്മരണയാൽ ഇടവിടാതെ കരകയും ഇവർ പറഞ്ഞതുപോലെ സകലവും നിറവേറുകയും ചെയ്തതിനാൽ പാഷണ്ഡരിൽ വളരെ പേർ മനസ്സുതിരിഞ്ഞു സത്യവിശ്വാസം കൈക്കൊണ്ടു.

വേറൊരു സംഭവം ക്രിസ്തീയാബ്ദം നടന്നതാണു്. ഇത്താലിയാ ദേശത്തിൽ പൊലീഞ്ഞാ നഗരിയിൽ പ്രംസീസ്കോസ് സഭാകന്യകാശ്രമത്തിൽ തെസ്യാ മർഗരീത്താ എന്നൊരു ഭക്തിയുള്ള കന്യാസ്ത്രീ ജീവിച്ചിരുന്നു. അവർ പുതുകന്യാസ്ത്രീകളുടെ ഉപാധ്യായിനിയും മഠത്തിലെ ഉടയപ്പു സൂക്ഷക്കാരത്തിയുമായിരുന്നു. അവർ ക്രിസ്തീയാബ്ദം വൃശ്ചികമാസം ൨൦നു- മരിച്ചകന്യാസ്ത്രീയുടെ തൊഴിലിൽ സഹായക്കാരത്തിയും മരണശേഷം അവരുടെ ജോലിയിൽ പിൻഗാമിയുമായ അന്ന വെലിച്ചിത്താ എന്ന കന്യാസ്ത്രീ സാമാനമുറിയിൽ കയറുകയിൽ ഒരു ഞരക്കം കേട്ടു. എന്താണെന്നുനോക്കിയിൽ ആരെയും കണ്ടില്ല. വീണ്ടും ആ ഞരക്കം കേൾക്കയാൽ ഭയന്നു നില്ക്കയിൽ: ഒ! ദൈവമെ! ഞാൻ എന്തുമാത്രം പാടുപെടുന്നു! എന്നു പറയുന്ന ഒരു പ്രലാപസ്വരം കേട്ടു. ആസ്വരം മരിച്ചുപോയ തെസ്യായുടെതെന്നു ഗ്രഹിച്ചു, അയ്യൊ! സഹോദരിയെ! ഇതെന്തു ഇതിന്നുള്ള കാരണം എന്തു? എന്നു ചോദിച്ചു. അപ്പോൾ തെസ്യാ: "ഞാൻ ശുദ്ധീകരസ്ഥലത്തിൽ കിടന്നു വളരെ വേദനപ്പെടുന്നു. ഇതിന്നുള്ള കാരണം എന്റെ ദാരിദ്ര്യവാശ്രയത്തിന്നു വിരോധമായി ചില അല്പകാരങ്ങൾ ഞാൻ ചെയ്തിരുന്നു എന്നതാണു. എന്നാൽ എന്നെ സംബന്ധിച്ചടത്തോളം ആസംഗതിയിൽ ഞാൻ വളരെ സൂക്ഷിച്ചിരുന്നുവെങ്കിലും ശേഷം സഹോദരികൾ ഉടുപ്പു ചോദിക്കയിൽ അതു ആവശ്യമില്ലാതിരുന്നപ്പോഴും വിരോധം പറവാനുള്ള പ്രയാസം കൊണ്ടു കൊടുത്തിരുന്നു. ആസംഗതിയിൽ മാത്രമുള്ള ലഘുവായ സൂക്ഷക്കേടു നിമിത്തം ഞാൻ നാല്പതു വർഷം ശുദ്ധീകരസ്ഥലത്തിലെ കഠിന വേദന അനുഭവിപ്പാൻ ദൈവത്താൽ വിധിക്കപ്പെട്ടു. ഇനിക്കുവേണ്ടി അപേക്ഷിപ്പിൻ. അല്പസംഗതികളെ നിങ്ങൾ സൂക്ഷിപ്പാൻ ഇതു നിങ്ങൾക്കു ഒരു നല്ല പാഠമായിരിപ്പാൻ

വേണ്ടിഞാൻ ഒരം ഓമ്മ വൈക്കുന്നു,, എന്നു പറഞ്ഞുകൊണ്ടു തന്റെ കൈ ആ മുറിയുടെ കതകിന്മേൽ പരിച്ചു. തൽക്ഷണം ആ സ്ഥലം കരിഞ്ഞു കൈയുടെ രൂടയാളം അവിടെ പതിക്കപ്പെട്ടു. ഇതു കണ്ടു അന്ന എന്ന കന്യാസ്ത്രീ ഭയന്നു നിലവിളിക്കയും അതിനോടെ ബോധക്ഷയമായി വീഴുകയും ചെയ്തു. ഒരംസ്വരം കേട്ട മറു കന്യാസ്ത്രീകൾ ഓടിവന്നാറെ കതകു കൈയുടെ ഭാഷയിൽ കരിഞ്ഞിരിക്കുന്നതും ആ കന്യാസ്ത്രീ ബോധക്ഷയമായി കിടക്കുന്നതും കണ്ടു. ഭയക്കം മാറിയപ്പോൾ ശേഷം കന്യാസ്ത്രീകൾ വിവരമെല്ലാം അറിഞ്ഞു വളരെ ഭയന്നു. അന്നരാത്രിമുഴുവൻ കന്യാസ്ത്രീകൾ എല്ലാവരും ത്രെസ്യായ്ക്കു വേണ്ടി അപേക്ഷിക്കയും തപ ക്രിയകൾ ചെയ്കയും നേരം വെളുത്തപ്പോൾ എല്ലാവരും ദിവ്യകാരുണ്യം ഉൾക്കൊള്ളുകയും ചെയ്തു. ഒരം വൃത്തമാനം പരസ്യമായതിന്റെ ശേഷം പട്ടണത്തിലുണ്ടായിരുന്ന കപ്പുച്ചിൻ സഭക്കാരും മറു സന്യാസികളും വൈദികരും ഭാവപ്പെട്ട ആ കന്യാസ്ത്രീക്കുവേണ്ടി പ്രാർത്ഥനകൾ നടത്തി. അന്നാ കന്യാസ്ത്രീയൊ എന്നാൽ ഒരം സംഭവത്താൽ വളരെ കലങ്ങി ഇതു അധികം പരസ്യമാകായ്വാൻ വേണ്ടി കതകിന്മേലുള്ള കൈയുടെ ഭാഷ മാച്ചുകളയുന്നതിന്നു വിചാരിച്ചിരിക്കയിൽ മരിച്ച ത്രെസ്യാ അവൾക്കു കാണപ്പെട്ടു ഒരം അടയാളം ആരാലും മായ്ക്കാൻ സാധിക്കയില്ല. എന്തുകൊണ്ടെന്നാൽ: ദൈവം ഇതു ഒരു നിത്യസ്മാരകം ആയിരിപ്പാൻ മനസ്സായിരിക്കുന്നു. നിങ്ങൾ ഇനിക്കു വേണ്ടി നടത്തിയ പ്രാർത്ഥനകളും സൽക്രിയകളും കൊണ്ടു ഇനിക്കു ശുദ്ധീകരസ്ഥലത്തിൽ വളരെ ആശ്വാസമുണ്ടായി. ഒ! ഭാഗ്യമുള്ളവരിത്ര വാഴ്ത്തമെ! നിന്നെ നല്ലവണ്ണം കാക്കുന്നവരെ നീ എത്രയൊ ആനന്ദമുള്ളവരാക്കുന്നു എന്നുപറഞ്ഞു. ക്രൈ-ന- അന്നാ കന്യാസ്ത്രീ മുറിയിൽ ശയനത്തിന്നു പോയപ്പോൾ പ്രകാശമുള്ള ഒരു ഗോളത്താൽ മുറി മുഴുവൻ പകൽ പോലെ പ്രകാശിക്കുന്നതു കാൺകയും ത്രെസ്യാ കന്യാസ്ത്രീ സന്തോഷ സ്വരത്തിൽ ഇപ്രകാരം പറയുന്നതു കേൾക്കയും ചെയ്തു: കരിയുമുക്കുന്നതിനും പാട്ടപെടുന്നതിനും നീ ധൈര്യമുള്ളവളായിരിക്ക. നിനക്കു സ്വസ്തി. ഞാൻ ഇതാ പോകുന്നു. ഇങ്ങനെ പറഞ്ഞ ശേഷം ഒരു പ്രകാശമുള്ള മേഘത്തിന്റെ ഭാഷയിൽ ആകാശമോക്ഷത്തിലേക്കു പറന്നു പോയി. പൊലീഞ്ഞൊ പട്ടണത്തിലെ മെത്രാനും മജിസ്ത്രേട്ടനധികാരികളും ഒരംസംഭവത്തെക്കുറിച്ചു കാരണമാമാക്കുള്ള പരിശോധന നടത്തി, അനേക സാക്ഷികളുടെ മുമ്പാകെ ത്രെസ്യായുടെ കവറിടം തുറന്നു കതകിന്മേലുള്ള കരിഞ്ഞ സ്ഥലത്തു അവളുടെ കൈ വച്ചു നോക്കിയാറെ രണ്ടും ശരിയായി കണ്ടു, ഒരം സംഭവം വാസ്തവമാണെന്നു രേഖാമൂലം സാക്ഷീകരിച്ചിരിക്കുന്നു. കൈയുടെ ഭാഷയിൽ കരിഞ്ഞ ആ കതകു ടി. കന്യകാശ്രമത്തിൽ ഭദ്രമായി സൂക്ഷിക്കപ്പെട്ടിരിക്കുന്നു.

മേല്പറഞ്ഞ ന്യായത്താലും സംഭവങ്ങളാലും ശുദ്ധീകരസ്ഥലമുണ്ടെന്നും അവിടെ അല്പ പാപങ്ങളെക്കുറിച്ചു ക്രൂടെ വളരെ വേദന അനുഭവിക്കുന്നുവെന്നും നമ്മുടെ സൽക്രിയകൾ കൊണ്ടു അവക്കു ആശ്വാസമുണ്ടാകുന്നുവെന്നും തെളിവായിരിക്കുന്നു. അപ്പൊ നാം അവരെ നമ്മുടെ പുണ്യപ്രവൃത്തികളാൽ സഹായിക്കേണ്ടിയിരിക്കുന്നു. പ്രത്യേകം ഒരം വൃശ്ചികമാസം മുഴുവനും വിശിഷ്യാ മരിച്ചവരുടെ ഓമ്മ ആഘോഷിക്കപ്പെടുന്ന ദിവസമായ ക്രൈ-ന-യും നമ്മാൽ പാട്ടുള്ള പുണ്യപ്രവൃത്തികളാൽ അവരെ സഹായിക്കുന്നതിനു മറന്നുപോകരുതു്. ആ ശുദ്ധീകരിക്കുന്നതീയിൽ നമ്മുടെ മാതാപിതാക്കന്മാരും സഹോദരന്മാരും, സഹൊദരികളും, ബന്ധുക്കൾ, സ്നേഹിതരും വേദനപ്പെടുന്നുവെന്നും നമ്മുടെ സഹായം യാചിക്കുന്നുവെന്നും നാം ഇപ്പോൾ ഏതു അള

വാൽ അളക്കുമോ ആയളവാൽ ഒരിക്കൽ നമുക്കു അളക്കപ്പെട്ടുമെന്നും സൂരിക്കേണ്ടതാണു. നാം ഇപ്പോൾ ദുഃഖിതരായ ആ ആത്മാക്കൾക്കു ചെയ്യുന്ന സഹായത്തിനു ഒന്നിനു നൂറായിട്ടു ദൈവത്തിൽ നിന്നു നമ്മുടെ മരണാനന്തരം പ്രതികാരം കിട്ടും. നമ്മുടെ പ്രാർത്ഥനകളാൽ രക്ഷപെടുന്ന ആത്മാക്കൾ ദൈവത്തിൻ പക്കൽ നമ്മുടെ വല്ലഭമുള്ള മദ്ധ്യസ്ഥന്മാരായിരിക്കും. അപ്പോൾ ഒരു ഭക്തിയിൽ ഇതേവരെ നാം എന്തു ചെയ്തു. ഇനി എന്തു ചെയ്വാനിരിക്കുന്നുവെന്നു നല്ല വണ്ണം ആലോചിച്ചു നിശ്ചയിക്ക. പാപങ്ങളിൽ നിന്നു മോചിക്കപ്പെടുവാൻ വേണ്ടി മരിച്ചവരെക്കുറിച്ചു പ്രാർത്ഥിക്കുന്നതു ശുദ്ധമുള്ളതും രക്ഷക്കുത്തമമായ വിചാരമാകുന്നുവെന്നു മക്കബായ ൨-ാം പുസ്തകം ൧൨-ാം അദ്ധ്യായത്തിൽ പറയപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിയുടെ വാക്യങ്ങൾ ഒരു ഭക്തിയിൽ നമ്മെ ശട്ടംകെട്ടിപ്പെടുത്തട്ടെ.

൨൯ . ൨ . ൫

II സുവിശേഷ വിവരണം.

ഒരുശോ വീണ്ടും അവരോടു ഉപമകളായി അരുളിച്ചെയ്തതായതു: സ്വർഗ്ഗരാജ്യം തന്റെ പുത്രനു വിവാഹവിരുന്നിനു ഒരുക്കീട്ടുള്ള ഒരു രാജാവിനോടു തുല്യമായിരിക്കുന്നു. ഭൃത്യന്മാരു രാജകല്പനയനുസരിച്ചു പെരുവഴികളിലേക്കു പുറപ്പെട്ടു, കണ്ടവരെ എല്ലാം ക്ഷണിച്ചുകൊണ്ടുവന്നു, വിരുന്നുകാരെക്കൊണ്ടു കല്യാണശാല നിറഞ്ഞിരുന്നു. പിന്നെ വിരുന്നുകാരെ കാണ്മാനായി രാജാവു അകത്തു വന്നപ്പോൾ, വിരുന്നു വസ്ത്രം ഉടുക്കാതെയുള്ള ഒരു മനുഷ്യനെ അവിടെ കണ്ടു. അവനോടു പറഞ്ഞതായതു. സ്നേഹിതാ! വിരുന്നുവസ്ത്രം നിനക്കില്ലാതെ ഇവിടെ എങ്ങിനെ പ്രവേശിച്ചു? എന്നാറെ അവൻ മിണ്ടാതെയിരുന്നു. അപ്പോൾ രാജാവു ഭൃത്യന്മാരോടു നിങ്ങൾ ഇവനെ കൈകളെയും കാലുകളെയും കെട്ടി, എടുത്തുകൊണ്ടുപോയി പുറമെയുള്ള ഇരുളിലേക്കു ആക്കിക്കളവിൻ. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും എന്നു പറഞ്ഞു.

മത്തായി ൨൨-ാം അ.

വിശുദ്ധ പിതാക്കളുടേയും വേദപാരഗന്മാരുടേയും വ്യാഖ്യാനപ്രകാരം ഒരു ഉപമയിൽ പറഞ്ഞിരിക്കുന്ന രാജാവു ദൈവപിതാവും, മണവാളനായ രാജപുത്രൻ മനുഷ്യാവതാരംചെയ്ത ദൈവസുതനും, തയ്യാറാക്കപ്പെട്ട വിരുന്നു, ഒരുശോമിശിഹാ ഉപദേശിച്ച സുവിശേഷ പഠനവും, താൻ ഏല്പിച്ചേല്പിക്കുത്തിയ പരമക്രിയാശകളും, പ്രത്യേകം ദിവ്യകാരുണ്യവും, കല്യാണശാലകത്തോലിക്കു തിരുസ്സഭയും, അതിനു ക്ഷണിക്കപ്പെട്ടവരു സകലജാതി ജനങ്ങളും, രാജഭൃത്യന്മാരു, കർത്താവിനാൽ യാത്രയാക്കപ്പെട്ട ശ്ലീഹന്മാരും, അവരുടെ അനന്തരാവകാശം ഇടമുറിയാതെ ശീമ്മയാലൊ ഭംഗപ്പെടാതെ, നിരന്തരമായി കൈക്കൊണ്ടുകൊണ്ടു ലോകമെങ്ങും ശ്ലീഹായ്ക്കുത്ത ജോലി നടത്തുന്ന മെത്രാന്മാരു, പട്ടക്കാരാദിയായ വൈദികരുമത്രെ. ഒടുവിൽ വിരുന്നുകാരെ പരിശോധിപ്പാൻ വന്ന രാജാവു. ലോകാവസാനത്തിൽ ഉയിരുവരെയും മരിച്ചവരെയും വിധിപ്പാൻ പോരുന്ന ഒരുശോമിശിഹാ തന്നെ. വിരുന്നു വസ്ത്രമില്ലാതിരുന്ന മനുഷ്യൻ, ദൈവേഷ്ടപ്രസാദവും പുണ്യജീവിതവുമെന്ന ആത്മിക വസ്ത്രം ധരിക്കാതെ, വിശ്വാസംകൊണ്ടു മാത്രം തിരുസ്സഭയ്ക്കുത്ത ജീവിക്കുന്നവനത്രെ. ആകയാൽ ദൈവേഷ്ടപ്രസാദവും സുകൃത ജീവിതവും കൊണ്ടു നമ്മെ അലംകൃതരാക്കുന്നതിൽ നമുക്കു അത്യുത്സാഹം ജനിക്കുന്നതിനായി ഒരു നിഷ്ഠാഗ്രഹപ്പെട്ടവനു സിദ്ധിച്ച ശിക്ഷാവിധിയേക്കുറിച്ചു അല്പം ചിന്തിക്ക.

൧. അപ്പോൾ അവൻ വിരുന്നുശാലയിൽ നിന്നു പുറത്താക്കപ്പെട്ടതിന്റെ സാരമെന്തു? പാപി ദൈവദർശനത്തി

ൽ നിന്നും സ്വർഗ്ഗ രാജ്യത്തിൽ നിന്നും മോക്ഷവാസികളുടെ സഹവാസത്തിൽ നിന്നും പരമഭാഗ്യാനുഭവത്തിൽ നിന്നും സർവ്വാനന്ദത്തിൽ നിന്നും എന്നേക്കും തള്ളപ്പെട്ടുമെന്നതത്രെ ഇതിന്റെ സാരം. ഈ ശിക്ഷയെ പുണ്യവാന്മാർ ഏറ്റവും ഭയങ്കരമായി വിചാരിക്കുന്നു. തന്റെ കാല്കളെ കഴുകുവാനായി വന്ന കർത്താവിനോട പത്രോസു വിസമ്മതം കാണിച്ചതിനാൽ "ഞാൻ നിന്നെ കഴുകുകയില്ലെങ്കിൽ എന്നോടുകൂടെ നിനക്കു ഓഹരി ഉണ്ടാകയില്ല,, എന്നു താൻ അരുളിച്ചെയ്തപ്പോൾ, പത്രോസ് അത്യന്തം പരിഭ്രമിച്ചു "കർത്താവെ എന്റെ കാല്കളെ മാത്രമല്ല കൈകളേയും തലയേയും കഴുകേണം,, എന്നു നിലവിളിച്ചു. (യോഹ. ൧൩. വ. ൯.) വിശുദ്ധ യോഹന്നാൻ ക്രിസോസ്തോമോസ് (Hom. 24 in Math.) പറയുന്നതായ്: "നരകം സഹിപ്പാൻ പാടില്ലാത്ത ഒരു കൂട്ടമാകുന്നുവെന്നു ആരാണ അറിയാത്തതു? അതു ഘോരമായ ശിക്ഷതന്നെ. എങ്കിലും മോക്ഷമഹിമയിൽ നിന്നു പുറത്താക്കപ്പെടുകയും മിശിഹായാൽ വെറുക്കപ്പെടുകയും "ഞാൻ നിങ്ങളെ അറിയുന്നില്ലാ,, എന്നു തന്റെ തിരുവായിൽ നിന്നു കേൾക്കയും ചെയ്യുന്നതു ആയിരം നരകത്തെക്കാളും അതിഘോരമായിട്ടുള്ളതാകുന്നു. എന്തുകൊണ്ടെന്നാൽ, സാധുതപവും അനുഗ്രഹവും നിറഞ്ഞ തന്റെ തിരുമുഖം നമ്മെ വെറുത്തു ദേഷിക്കുന്നതായി കാണുന്നതിനെക്കാൾ, ആയിരം ഇടിവെട്ടു കൊള്ളുന്നതു തുലോം ലഘുവായിട്ടുള്ളതാകുന്നു,, ഏസ്സോവു എന്നവൻ തന്റെ കടിഞ്ഞൂൽ പുത്രാവകാശവും പിതാശീർവ്വാദവും തന്റെ സഹോദരനായ യാക്കോബു മൂലം തനിക്കു നഷ്ടീഭവിച്ചു എന്നു കണ്ടപ്പോൾ ഏറ്റവും വലുതായ ശബ്ദത്തോടെ അലറി നിലവിളിച്ചു എന്നു വേദപുസ്തകത്തിൽ എഴുതിയിരിക്കുന്നു. എന്നാൽ ലൌകികമായ ഒരു അവകാശവും ഒരു മനുഷ്യന്റെ ആശീർവ്വാദവും, സ്വർഗ്ഗീയ അവകാശത്തോടും ദൈവാശീർവ്വാദത്തോടും ഒപ്പിച്ചുനോക്കിയാൽ, എന്തായിരിക്കുന്നു? ഇഹലോകത്തിന്നടുത്ത വല്ല വസ്തുവിന്റെ നഷ്ടം, അല്ലെങ്കിൽ മാതാപിതാക്കളുടെയോ, പുത്രപൌത്രാദികളുടെയോ സ്നേഹബന്ധുക്കളുടെയൊ മരണം നമുക്കു മിക്കവാറും അവജ്ഞനീയവും അപരിഹാര്യവുമായി തോന്നുകയും ചിലപ്പോൾ വ്യസനാധിക്യത്താൽ നാം ഭ്രാന്തന്മാരെപ്പോലെ ആയിത്തീരുകയും ചെയ്യുന്നു. ഇപ്രകാരമെങ്കിൽ സർവ്വനന്മ സ്വരൂപിയും സർവ്വാനന്ദ ഭാജനവും നമ്മുടെ പരമഗതിയും സ്നേഹപിതാവുമായ ദൈവവും തന്നോടുകൂടെ നമ്മുടെ ആത്മശരീര സംബന്ധമായ സർവ്വഭാഗ്യാനുഭവങ്ങളും സകല പുണ്യവാന്മാരും സകല മാലാഖമാരും നമുക്കു എന്നേക്കും നഷ്ടമായിപ്പോയാൽ നമ്മുടെ വ്യസനവും ദുഃഖവും എത്രമാത്രമായിരിക്കും? എന്നാൽ ഇപ്പോൾ നാം ഇഹലോക മായങ്ങളിൽ മുഴുകി അന്ധന്മാരായിരിക്കുന്നതിനാൽ ആ പരമനന്മയുടെ നഷ്ടം നമുക്കു അത്ര കഠിനമായി തോന്നുന്നില്ല. എന്നാൽ വിശുദ്ധ യോഹന്നാൻ ക്രിസോസ്തോമോസ് പറയുംപ്രകാരം, ഒരിക്കൽ നമ്മുടെ കണ്ണു തുറക്കും. ഒരിക്കൽ നമ്മുടെ തിരശ്ശീല മാറ്റപ്പെടും. അപ്പോൾ, അനുതിയില്ലാത്ത നിത്യ നന്മയും ക്ഷയമായ അനിത്യ നന്മയും തമ്മിൽ എത്ര വ്യത്യാസമുണ്ടെന്നു മനസ്സിലാകുകയും ചെയ്യും.

൨. പിന്നെ അവനെ പുറമെയുള്ള ഇരുളിൽ ആക്കുവാൻ കല്പിക്കുന്നു. ഇതു ഇന്ദ്രിയത്തിന്നടുത്ത ഒന്നാമത്തെ ശിക്ഷയാകുന്നു. വിശുദ്ധ ബസീല്യോസ് (Orat. in Ps. 33) സാക്ഷിക്കുന്നതുപോലെ, നരകാഗ്നിക്കു ചൂടുന്നതിനു ശക്തിയുണ്ടെങ്കിലും, പ്രകാശം അശേഷമില്ല. ഇതു അതി ഭയങ്കരമായ ഒരു ബാധയായിരിക്കുന്നു. പൂർവ്വകാലത്തിൽ, എജ്ജിപ്തിനെ ശിക്ഷിക്കുന്നതിനായി ദൈവനിയമപ്രകാരം മൂന്നു ദിവസത്തേക്കു ഉണ്ടായ ഭയങ്കരമായ ഇരുളിൽ, ഒരുത്ത

നെ ഒരുത്തൻ കണ്ടതുമില്ല, ഒരുത്തനും തന്റെ സ്ഥലംവിട്ട എഴുന്നേറ്റതുമില്ല. എന്ന പുറപ്പാട്പുസ്തകം (൧൦ അ. ൨൨–൨൩–വ.) സാക്ഷിക്കുന്നു. മൂന്നു ദിവസത്തെ ഇരുൾ ഇപ്രകാരം ഭയങ്കരമായിരുന്നെങ്കിൽ എന്നേക്കും നരകവാസിയെ ബാധിക്കുന്ന ആ ഇരുൾ എത്രയോ അധികം ഭയങ്കരമുള്ളതായിരിക്കുമെന്നു ചിന്തിക്ക. അന്ധനായ തോബിയാസിനോട് മാലാഖ "നിനക്കു എല്ലായ്പോഴും സന്തോഷമുണ്ടായിരിക്കട്ടെ,, എന്നു പറഞ്ഞപ്പോൾ, "ഇരുട്ടിൽ ഇരിക്കയും ആകാശം കാണാതിരിക്കയും ചെയ്യുന്ന ഇനിക്കു എന്തു സന്തോഷമുണ്ടാകും? എന്നു തോബിയാസ് പ്രത്യുത്തരം പറഞ്ഞു. (തോബിയാസ് ൫. ൧൦.) എന്നിരിക്കെ, ഒരിക്കലും യാതൊരു രശ്മിപോലും കാണ്മാനിടവരാതെ, നിത്യമായ ക്രൂരിരുട്ടിൽ അടയ്ക്കപ്പെട്ടിരിക്കുന്ന നരകവാസിക്കു എന്തു സന്തോഷമുണ്ടാകും? പിന്നെയും വിശുദ്ധ അഗുസ്തീനോസു (Epist. 120 ad Honarat.) എഴുതിയിരിക്കുന്നപോലെ, പുറമെയുള്ളതും ഇരുൾ പാപത്തിൽ മൂർഖന്മാരായിരിക്കുന്ന പിശാചുക്കളുടേയും ഒരു സദൃശമാകുന്നു. ൧൦മൂന്നാമത്തെബാധയെക്കുറിച്ചു ദിവ്യ രക്ഷിതാവു (മത്തായി ൨൫. ൪൧) അരുളിച്ചെയ്യുന്നതായതു: "ശപിക്കപ്പെട്ടവരെ, നിങ്ങൾ എന്നെ വിട്ടു, പിശാചിനും അവന്റെ ദൂതന്മാക്കും ഒരുക്കപ്പെട്ട എന്നേക്കുമുള്ള അഗ്നിയിലേക്കു പോകുവിൻ,,. വിശുദ്ധ ഇന്നാസിയോസ് വേദസാക്ഷിയെ രോമായിക്കു ബന്ധിച്ചുകൊണ്ടുപോയിരുന്ന പടയാളികളുടെ ക്രൂരദുഷ്ടതകൾ നിമിത്തം അദ്ദേഹം ഇപ്രകാരം പറയുന്നു: തൊർസീയ്യായിൽ നിന്നു രോമാവരെ, കടലിലും കരയിലും രാവും പകലും ബന്ധിക്കപ്പെട്ടവനായി പത്തു ദുഷ്ടമൃഗങ്ങളോടു തുല്യനായതു: എന്റെ കാവൽക്കാരായ ഭടന്മാരോടു യുദ്ധം ചെയ്യുന്നു. "അവർക്കുപകാരം ചെയ്യുന്നോറും അരിദുഷ്ടന്മാരായിരുന്നു,,. എന്നിരിക്കയിൽ മനുഷ്യന്റെ കൊടിയ ശത്രുക്കളും ക്രൂരചെന്നായ്ക്കളുമായ അനവധി പിശാചുക്കളുടെയിടയിൽ ബന്ധിതനായിരിക്കുന്ന നരകവാസിയുടെ പാടുകളെത്ര മാത്രമെന്നു ധ്യാനിച്ചുകൊൾക.

൩. വിശേഷിച്ചും അവനെ കൈകാലുകൾ കെട്ടി നരകത്തിലാക്കുമെന്നു കല്പിച്ചതിന്റെതാല്പര്യമെന്താകുന്നു? ഇതിനാൽ സൂചിപ്പിക്കുന്നതു നരകവാസി യാതൊരുവശത്തോട്ടും ഇളകുവാൻ വഹിയാതെ, ഒരേസ്ഥലത്തുതന്നെ കെട്ടപ്പെട്ടിരിക്കുമെന്നത്രെ. ഇതു എത്രയൊ വലിയ പാടാകുന്നു എന്നു അറിയേണമെങ്കിൽ എല്ലായ്പോഴും ഒരേവശംവെച്ചുകൊണ്ടു കിടക്കുവാൻ നിർബന്ധപ്പെട്ടിരിക്കുന്ന ഒരു രോഗിയോടു ചോദിച്ചാൽ മതിയായിരിക്കും. എന്നാൽ രോഗി വേണ്ടാ, നല്ല സൌഖ്യമുള്ള ഒരാൾ തന്നെയും ഒരു രാത്രി മുഴുവനും തുലോം മാർദ്ദവമായ ഒരു കട്ടിലിൽ ഒരു വശത്തേക്കും ചരിയാതെയും ഇളകാതെയും കിടക്കണമെന്നു കല്പിക്കപ്പെട്ടാൽ അവൻ അനുഭവിക്കുന്ന പീഡ എപ്രകാരമുള്ളതായിരിക്കും? എന്നാൽ ഒരു സ്ഥിതിയിൽ തന്നെ ഒരു മാസം അഥവാ: ഒരു വർഷം മുഴുവനും കിടക്കണമെന്നു നിർബന്ധം ചെയ്താൽ അവന്റെകഷ്ടാനുഭവം എത്രയൊ ഉപരിയായിവർദ്ധിക്കും? എന്നിരിക്കെ സപ്താംഗീ അഗ്നിയാൽ പൊതിയപ്പെട്ട, സപ്തദുരിതങ്ങളുടെയും മദ്ധ്യേ കൈകാലുകൾ അനക്കുവാൻ വഹിയാതെ എന്നേക്കും ഒരേസ്ഥിതിയിൽ തന്നെ കിടക്കേണ്ടിവരുമെന്ന ആ നരകവാസിയുടെ പീഡകൾ എന്തായിരിക്കുമെന്നു ചിന്തിക്ക.

൪. കടശി അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകുമെന്നു ദിവ്യരക്ഷിതാവു അരുളിച്ചെയ്യുന്നു. സാക്ഷാൽ നമുക്കു അധികമായ വേദനയും കഷ്ടാനുഭവങ്ങളും നേരിടുമ്പോൾ, സഹിപ്പാൻ വഹിയാതെ വിലപിച്ചു കരകയും പല്ലുകടിക്കയും ചെയ്യും. അപ്പൊ നരകവാസി അനുഭവിക്കുന്ന മനോവ്യാകുലത

ങ്ങാത്ത അ ദുരിതങ്ങളാൽ അവന്റെ പ്രലാപവും പല്ലുകടിയും എത്രമാത്രമായിരിക്കും? ഇഹലോകത്തിൽ മനുഷ്യരുടെമേൽ പിടിച്ചിട്ടുള്ള സകല ബാധകളിലും വെച്ചു അതി ഘോരമായ്ും അഗ്നി ബാധയായിരിക്കുന്നു. എന്നാൽ ശാസ്ത്രീകൾ പറയുംവണ്ണം ഇവിടെ നമ്മുടെ ഉപകാരത്തിന്നായിട്ടുള്ള തീ പാപത്തെ ശിക്ഷിക്കുന്നതിനായി ദൈവം സൃഷ്ടിച്ച അ നരകതീയുടെ മുമ്പിൽ, സാക്ഷാലുള്ള തീയുടെ മുമ്പാകെ അതിന്റെ ഛായാപടം എപ്രകാരമോ അപ്രകാരമായിരിക്കുന്നു. അപ്പൊഴൊ നരകവാസി അനുഭവിക്കുന്ന അ അനിബന്ധ എത്രയൊ ഭയങ്കരമായിട്ടുള്ളതാകുന്നു. ഇതിനാൽ എശയ്യാ ദീർഘദർശി (൩൩. ൧൪.) പാപികളെ നോക്കി മോദിക്കുന്നതായ്ു, "നിങ്ങളിൽ ആരു ദഹിപ്പിക്കുന്ന അഗ്നിയോടുകൂടെ വസിപ്പാൻ വശമാകും? ആരു എന്നേക്കുമുള്ള ദഹനങ്ങളോടുകൂടെ വാഴിക്കും?,, അതായ്ു: ഭോഷന്മാരായ പാപികളെ! എത്രയും ഘോരമായ അ നരകതീയെ സഹിപ്പാൻ വശമാകുമൊ എന്ന മുൻകൂട്ടി പരീക്ഷിച്ചു അറിവിൻ. ഒരു സല്പ നേരത്തേക്കു നിങ്ങളുടെ ഒരു വിരലിനെ ജ്വലിക്കുന്ന ദീപത്തിന്നു അടുപ്പിച്ചുനോക്കുവിൻ. ഇതു സഹിപ്പാൻ നിങ്ങൾക്കു പാടില്ലെങ്കിൽ എന്നേക്കും കത്തി എരിയുന്ന അ നരകതീച്ചൂളയിൽ നിങ്ങൾ വീണാൽ അതിന്റെ ഘോരമായ ചൂടിനെ സഹിപ്പാൻ നിങ്ങൾക്കു കഴിയുന്നതെങ്ങിനെ? അകയാൽ പ്രിയ സഹോദരന്മാരെ! ഇത്ര ഭയങ്കരമായ ശിക്ഷകൾക്കു നാം പാത്രീഭവിക്കാതിരിപ്പാൻ ഹൃദയപൂർവ്വം ആഗ്രഹിക്കുന്നെങ്കിൽ, ഇവ എല്ലായ്പോഴും ഓർത്തു നടക്കയും, ഇവ സ്സേതുക്കളായ ആത്മനഗ്നതയെയും പാപഭ്രഷ്ണങ്ങളെയും ദ്വേഷിച്ചു ദൈവോപ്പദേശം, പുണ്യകൃത്യങ്ങൾ എന്ന ജ്ഞാനവസ്ത്രത്താൽ നമ്മെ അലംകരിക്കുന്നതിൽ സദാ ശ്രദ്ധയായിരിക്കയും വേണം.

൧൫൫൩. ൨. ൨൮

III ദൈവജനനിയുടെ അമലോത്ഭവ പ്രസ്താവന ജൂബിലി.

ദൈവജനനിയുടെ അമലോത്ഭവ പ്രസ്താവനയിൻ സപ്തതിജൂബിലി മഹാ ആഘോഷമായി കഴിക്കുന്നതിന്നുവേണ്ടി ലോകമെങ്ങുമുള്ള കത്തോലിക്കാ സഭ, മക്കൾക്കുള്ള ഭക്തിയോടെ വലിയ ഒരുക്കങ്ങൾ ചെയ്തുവരുന്നു. പരിശുദ്ധ കന്യകമറിയത്തിന്നു "ദൈവമാതാവു'' എന്ന നാമം കഴിഞ്ഞാൽ "അമലോത്ഭവി'' എന്ന നാമം ഏറ്റം മഹിമയേറിയതാകുന്നു. ഈ മഹിമയേറിയ നാമവും അതിന്റെ വാസ്തവവും വിശ്വാസസത്യമായി പ്രസിദ്ധീകരിക്കപ്പെട്ട ൧൮൫൪ ഡിസംബർ ൮-ാംനു- ലോകമെങ്ങും ദൈവജനനിക്കു സ്തുതിയായി നടത്തപ്പെട്ട മഹോത്സവങ്ങൾ തന്നെ ഈ ജൂബിലിവത്സരത്തിലും ഉണ്ടാകുന്നതാണു്. ഇത്താല്യാ, ഇസ്പാഞ്ഞാ, പ്രാൻസു്, ബെൽജ്യം, അമ്മേരിക്കാ മുതലായ രാജ്യങ്ങൾ ഈ അവസരങ്ങളിൽ മതഭേദിച്ചുകൊണ്ടു ദൈവജനനിയുടെ മേൽ തങ്ങൾക്കുള്ള സ്നേഹവണക്കത്തെ പ്രദർശിപ്പിക്കുന്നു. ഈ ജൂബിലി ആഘോഷം യോഗ്യമായ വിധത്തിൽ നടത്തുന്നതിന്നു പരിശുദ്ധ പിതാവിനാൽ നിയമിക്കപ്പെട്ടിരിക്കുന്ന ഉന്നത കർദ്ദിനാളന്മാരുടെ ഒരു കമ്മിറ്റി റോമായിലെ പൊതുവായ ആഘോഷങ്ങളെ ക്രമപ്പെടുത്തിയും പ്രോത്സാഹിപ്പിച്ചും വരുന്നു. റോമായിൽ വിശുദ്ധ പത്രോസിന്റെ വലിയപള്ളിയിൽ ൧൮൫൪-ൽ അമലോത്ഭവ സത്യം പ്രസിദ്ധീകരിച്ച സ്ഥലത്തു അമലോത്ഭവി ദൈവമാതാവിന്റെ ഒരു സ്വരൂപത്തെ ൫൦-ാം പീയൂസു മാപ്പാപ്പാ തിരുമനസ്സുകൊണ്ടു ജൂബിലി ദിവസമായ ഡിസംബർ ൮-ാംനു- മഹാ ആഘോഷത്തോടെ ഒരു വിശേഷമുടി ധരിപ്പിക്കുന്നതാണു്. ആ മുടി അലങ്കരിക്കുന്നതിന്നു പല രാജ്യങ്ങളിൽനിന്നും വിലപിടിച്ച രത്നങ്ങൾ റോമായിലേക്കു അയക്കപ്പെട്ടിരിക്കുന്നു. പ്രാൻസിൽ കാംപ്രെ എന്ന സ്ഥലത്തു

നിന്ന ഒരു മഹാ പ്രഭസ്ത്രീ തന്റെ പതിന്നാലു മക്കളുടെ നാമത്തിൽ വിലപിടിച്ച പതിന്നാലു മാണിക്കക്കല്ലുകൾ രോമായിക്ക അയച്ചിരിക്കുന്നു.

കത്തോലിക്കാ പത്രങ്ങളിൽ കാണുന്നതുപോലെ, ഓരോ നാടുകളിൽ പലവിധമായ ജൂബിലിസ്മാരകങ്ങളും ഏർപ്പെടുത്തപ്പെടുന്നുണ്ട്. എന്നാൽ അമലോത്ഭവ ദൈവമാതാവിന്നു തക്കതായി തോന്നുന്ന സ്മാരകങ്ങൾ ഓരോ പള്ളികൾ യഥേഷ്ടം ചെയ്തുകൊള്ളട്ടെ. ഓരോരുത്തന്നു ആത്മോപകാരം വരുന്നതും ദൈവജനനിക്കു ഏറ്റം ഇഷ്ടമുള്ളതുമായ ഒരു സ്മാരകം ഇവിടെ സൂചിപ്പിക്കാം. ഇതു മറ്റൊന്നുമല്ല; യാതൊരുത്തൻ അമലോത്ഭവ മാതാവിന്റെ നീല ഉത്തരീയം ഏറിട്ടില്ലായെങ്കിൽ ഈ ജൂബിലി അവസരത്തിൽ ഈ ഉത്തരീയം ഏൽക്കുന്നതു, ഒരു സാരവത്തായ സ്മാരകമായിരിക്കും. ഈ ഉത്തരീയം ധരിക്കുന്നവക്കു കല്പിക്കപ്പെട്ടിരിക്കുന്ന ജ്ഞാന ആദായങ്ങൾ അനവധിയാകുന്നു.

൧൯൧൨. ൨. ൧൫

IV വി. യോഹന്നാൻ ആക്രൂസിന്റെ ചരിത്ര സംക്ഷേപം.

(ഈ വിശുദ്ധന്റെ തിരുനാൾ വൃശ്ചികം ൨൪-ന- ഘോഷിക്കപ്പെടുന്നു).

കമ്മലയുടെ അതി ഭംഗിയുള്ള കുസുമങ്ങളിൽ ഒന്നായ വി. കുരിശിന്റെ യോഹന്നാൻ അനേക മഹാത്മാക്കളുടെ ജന്മദേശമായ ഇസ്പാന്യായിൽ പൊന്തി ബെരി എന്ന സ്ഥലത്തിൽ സുകൃത മാതാപിതാക്കന്മാരിൽ നിന്നു ജനിച്ചു; ശൈശവം മുതൽക്കെ ദൈവജനനിയുടെമേൽ വിശേഷ ഭക്തിയായിരുന്നതിനാൽ ൦രം മോക്ഷരാജ്ഞിയുടെ പ്രത്യേക കടാക്ഷത്തിന്നു പാത്രീഭവിച്ചു. അഞ്ചു വയസ്സു പ്രായമായിരിക്കയിൽ അസംഗതിയായി ഒരു കിണറ്റിൽ വീണാറെ ദൈവജനനി പ്രത്യക്ഷമായി സ്വന്ത കരങ്ങളാൽ ൦രം തന്റെ ഭക്തനെ താങ്ങി രക്ഷിച്ചു. പാട്ടപീഡകളെ സഹിക്കുന്നതിനുണ്ടായിരുന്ന അഗ്രഹാധിക്യത്താൽ ഒൻപതു വയസ്സു പ്രായമായിരിക്കയിൽ ഉണ്ടാക്കിയ കാട്ടവള്ളികളിന്മേൽ കിടന്നു വിറ ചെയ്തിരുന്നു. ബാല്യനായിരിക്കയിൽ മെത്തീമനെ എന്ന സ്ഥലത്തിലെ രോഗശാലയിലെ നിർധനരായ രോഗികൾക്കു ശുശ്രൂഷ ചെയ്യുന്നതിനു നിശ്ചയിച്ചു, അവിടെ അസാധാരണ പരസ്നേഹത്തോടും മാധുര്യത്തോടുംകൂടെ മഹാ ഹീനതരമായ ഊഴിയം ചെയ്തു വന്നിരുന്നു. ഇദ്ദേഹത്തിന്റെ സുകൃത മാതൃകയെക്കണ്ടു മറനേകരും ഇത്തരം ധീരപരസ്നേഹ പ്രവൃത്തികളിൽ അദ്ദേഹത്തെ അനുകരിപ്പാൻ തുടങ്ങി. എന്നാൽ ൦രം പുണ്യദേഹം ദൈവ പരിപാലനയാൽ മഹോന്നത കാര്യനിവൃത്തിക്കായി നിയമിക്കപ്പെട്ടിരുന്നതിനാൽ പരിശുദ്ധ കന്യാസ്ത്രീ കർമ്മെലൊ ദേവമാതാവിന്റെ സഭയിൽ ഫ്രാന്സ-ാമൊണ്ടിൽ ഒരു തുണ സഹോദരനായി ചേർന്നു. അവിടെ പുണ്യ ജീവിതത്തിൽ ഏവർക്കും ഉത്തമ മാതൃകയായി ശോഭിച്ചു വരികയിൽ, ശ്രേഷ്ഠന്മാരുടെ നിർബന്ധത്താൽ ഗുരുപ്പട്ടമേറ്റു. ഈ പുണ്യവാൻ അസാമാന്യ വിധത്തിൽ ജപതപപ്രിയനായിരുന്നതിനാൽ കുസ്ത്യാൻ സഭയിൽ ചേരുന്നതിനു കരുതുകയിൽ വി. തേസ്യാമ്മയുടെ ഉപദേശത്താൽ ആ അഭിപ്രായം മാറി സ്വന്തസഭയുടെ അതികഠിനമായ പൂർവിക ജീവിതക്രമത്തെ ശരിയായി അനുസരിക്കുന്നതിന്നാരംഭിച്ചു. ദിവ്യരക്ഷകന്റെ പാട്ടപീഡകളിന്മേൽ സദാ ധ്യാനിച്ചുകൊണ്ടു ഒരു കഠിന ശത്രുവിനോടെന്നപോലെ തന്നോടുതന്നെ യുദ്ധം അറിയിച്ചു നിശ്ശയനത്താലും ഉപവാസങ്ങളാലും ചമ്മട്ടി അടികളാലും മറ്റൊരിയതരം പാട്ടപീഡകളാലും തന്റെ മാംസത്തേയും അതിന്റെ ദുരാശകളേയും കുരിശിന്മേൽ തറച്ചു. ഇതിനാൽ അകാലസ

സ്ഥിയിൽ ആ നാട്ടിൽതന്നെ പുണ്യങ്ങളുടെ ശോഭയാൽ ദീപംപോലെ കമ്മെല സഭയെ പ്രകാശിപ്പിച്ചിരുന്ന സ്ത്രീപ്പുണ്ടത്ത കന്യകയായ വി. ത്രേസ്യാ ഇഹലോകത്തിൻെറ അസാമാന്യ പുണ്യങ്ങളെക്കുറിച്ചു അയാളെ അത്യന്തം സ്നേഹിച്ചു മതിച്ചിരുന്നതിനാൽ പലപ്പോഴും ഇദ്ദേഹത്തോടുകൂടെ ദൈവ കാര്യങ്ങളെക്കുറിച്ചു ദീർഘനേരം സംഭാഷിച്ചിരുന്നു. ഒരു സംഭാഷണ സമയങ്ങളിലും ദൈവിക കാര്യങ്ങളിന്മേൽ ധ്യാനിച്ചിരുന്ന മാറു നേരങ്ങളിലും ദൈവസ്നേഹാഗ്നിയാൽ എരിഞ്ഞു പരവശനാകയും പലപ്പോഴും ഒരു ദൈവ സ്നേഹാഗ്നിയുടെ അത്യുഗ്രതയെ ഉള്ളിലടക്കുവാൻ വശമാകാതെ മുഖം അഗ്നിമയമായി ശോഭിക്കയും ചെയ്തിരുന്നു.

ഇതോടുകൂടെത്തന്നെ ഇദ്ദേഹത്തിൻെറ ഉള്ളിൽ കത്തി ജ്വലിച്ചിരുന്ന പരസ്നേഹാധിക്യത്താൽ ദൈവവചനം പ്രസംഗിക്കുന്നതിലും ദേവദ്രവ്യാനുമാനങ്ങളെ കൊടുക്കുന്നതിലും അതി തല്പരനായിരുന്നു. ഇങ്ങിനെ പ്രതിദിനം പുണ്യയോഗ്യതകളിൽ വർദ്ധിച്ചും കമ്മെൽ സഭയുടെ കഠിനമായ പൂർവിക ജീവിത ക്രമത്തെ സ്ഥാപിച്ചു നടത്തുന്നതിന്നാഗ്രഹിച്ചും വരികയിൽ, ആക്കാലങ്ങളിൽ കമ്മെലസഭയെ നവീകരിക്കുന്നതിന്നായി ദൈവത്തോന്നിപ്പാൽ ഉദ്യോഗപ്പെട്ടിരുന്ന വി: ത്രെസ്യാമ്മക്കു ഒരു വിശ്വസ്ത കൂട്ടുകാരനായി ചേർന്നു. ഇതിനാൽ വി: ത്രെസ്യാ കമ്മെല സഭാകന്യകകളുടെയിടയിൽനടത്തിയ ആ പൂർവ്വജീവിത ക്രമത്തെ സന്ന്യാസികളുടെ ഇടയിലും സ്ഥാപിക്കുന്നതിന്ന ഈപുണ്യദേഹം സഹായം ചെയ്തതിൽ വച്ചു വളരെ തെരുക്കങ്ങളും പാടുപീഡകളും സ്വന്ത സഭക്കാരിൽ നിന്നും അന്യരിൽ നിന്നും സഹിക്കേണ്ടി വന്നു. ഒൻപതു മാസത്തോളം അവർ ഇദ്ദേഹത്തെ കാരാഗൃഹത്തിലിട്ടു ദുർദ്ദിയയായി ഞെരുക്കിയെങ്കിലും ഈയിരു മഹാത്മാക്കളുടെ മനോധൈര്യത്തിനും ശുദ്ധ ലാക്കിനും പ്രയത്നത്തിനും പ്രതി സമ്മാനമായി ഏറിയ ആളുകൾ ഈ നവീകരിക്കപ്പെട്ട സഭയിൽ ചേർന്നു ഇസ്പാന്യ മുഴുവനിലും ഈസഭപൂർവ്വശോഭയേടെ വിണ്ടും കാണപ്പെട്ട പ്രബലത പ്രാപിച്ചു. നവീകരിക്കപ്പെട്ട കമ്മെൽ സഭയുടെ ആദ്യ പ്രിയോരായി നമ്മുടെ ഈ പിതാവു നിയമിക്കപ്പെട്ടു. ശരീരക്ഷീണംകൊണ്ടും നേരിടാവുന്ന അപകടങ്ങൾ കൊണ്ടും ഒട്ടും ഭയപ്പെടാതെ എല്ലാ ആശ്രമങ്ങളെയും സന്ദർശിച്ചു നവീകരിച്ചെടുപ്പെട്ടുത്തിയ ക്രമാനുഷ്ഠാനങ്ങളിൽ ഏവർക്കും വചനത്താലും പ്രവൃത്തിയാലും സന്മാതൃക കാണിച്ചു ധൈര്യപ്പെടുത്തിയിരുന്നതിനാൽ വി. ത്രേസ്യാ ഈ സഭക്കാരുടെ മാതാവായിരിക്കുന്നതു പോലെ, വി: യോഹന്നാൻ ന്യായമായിട്ടു ഇവരുടെ പിതാവുമായി വിചാരിക്കപ്പെട്ടിരിക്കുന്നു. ഈ പുണ്യപിതാവുക്രമങ്ങളുടെകാപ്പിലും ജപതപങ്ങളിലും സന്ന്യാസജീവിതത്തെ അലംകൃതമാക്കുന്ന മാറു സുകൃതങ്ങളിലും ഏവർക്കും അസാമാന്യ മാതൃകയായതിനൊടെ വിരക്തത്വം എന്നീമാലാകുക്കുടത്ത പുണ്യത്തിന്മേൻ കാണിച്ചിരുന്ന സ്നേഹവും പക്ഷവും വിസ്മയകരമായിരുന്നു.

ഇതുകൂടാതെയും തിരു സിംഹാസനം തീർച്ചയാക്കിയതുപോലെ ഈ പുണ്യദേഹം വി: ത്രെസ്യായെപ്പോലെ തന്നെ ദൈവിക രഹസ്യങ്ങളിന്മേലുള്ള മെല്ലെട്ട ധ്യാനത്താൽ അവയുടെശ്രുദ്ധാർത്ഥ സാരങ്ങളെ ഗ്രഹിക്കുന്നതിനും വ്യാഖ്യാനിക്കുന്നതിനുമുള്ള അപൂർവവരം പ്രാപിച്ചിരുന്നതിനാൽ, സ്വർഗ്ഗീയപഠനങ്ങൾ നിറഞ്ഞ ചില പുസ്തകങ്ങൾ എഴുതിയുണ്ടാക്കി. ദിവ്യരക്ഷിതാവു ഇഹലോകത്തിൻെറസുകൃതജീവിതത്തിന്മേലും പ്രയത്നങ്ങളിന്മേലും തൂകപ്പെട്ട ഒരിക്കൽ വി. യോഹന്നാനു പ്രത്യക്ഷനായി തന്നെപ്രതിചെയ്യ അസാമാന്യ പ്രവൃത്തികൾക്കു എന്തു സമ്മാനം വേണമെന്നു ചോദിച്ചതിനു ഈ മഹാത്മാവിനു പാടുപീഡകളുടെമേൽ ഉണ്ടായിരുന്ന അത്യാശയാൽ

"കത്താവെ! നിന്നെപ്രതിവീണ്ടും നിന്ദയും സങ്കടവും സഹിക്കുന്നതല്ലാതെ, മറെറാന്നുംവേണ്ടാ" എന്നത്തരിച്ചു. കന്യാസ്ത്രികളുടെ ആത്മപാലകനും വൃദ്ധസന്ന്യാസികളുടെ ഗുരുവുമായി നിയമിക്കപ്പെട്ട ഏറിയആത്മാവുകളെ പുണ്യവഴിയിൽ നടത്തി. നമ്മുടെ പുണ്യപിതാവു പിശാചുക്കളുടെമേൽ പ്രാപിച്ചിരുന്ന അധികാരത്താൽ അവരാവേശിച്ചിരുന്ന ആളുകളിൽനിന്നവരെ ഓടിച്ചിരുന്നു. ദീർഘദർശനവരത്താലും മറാത്ഭുതങ്ങളാലും എണ്ണം കീഴ്പ്പെടുത്തിച്ചിരുന്നു എങ്കിലും ആ സമയത്തുതന്നെ എളിമയെ അത്യന്തം സ്നേഹിച്ചിരുന്നതിനാൽ ആരുമറിയാത്ത സ്ഥലങ്ങളിൽ കിടന്നു മരിക്കുന്നതിന്നാഗ്രഹിച്ചു അതിന്നായി പലപ്പോഴും അപേക്ഷിച്ചിരുന്നു. കഠിനദിനത്തിലകപ്പെടുകയിൽ അധികം പാടുകൾ സഹിക്കുന്നതിന്നായി ഉവെദ എന്നസ്ഥലത്തെ ആശ്രമത്തിൽ പോയി വസിച്ചു. കാലിന്മേൽ ഉണ്ടായിരുന്ന അഞ്ചു വ്രണങ്ങളിൽനിന്നു ചലം ഒഴുകി മഹാപാടുപിടുകൾ സഹിച്ചിരുന്നതോടെ അവിടത്തെ ശ്രേഷ്ഠൻ ഇദ്ദേഹത്തോടു വളരെ നിർദ്ദയകാണിച്ചു ഞെരുക്കിയുമിരുന്നു. ഇങ്ങനെ അധികം പാടുപെടണമെന്നുള്ള ആഗ്രഹാനുസരണം വളരെ കഷ്ടതകൾ മഹാക്ഷമയോടെ സഹിച്ചു അന്യകർമ്മങ്ങളെല്ലാം ഭക്തിപൂർവ്വം കൈക്കൊണ്ടു, ഹൃദയത്തിലും വായിലും സദാധരിച്ചിരുന്ന കത്താവിന്റെ തുങ്ങപ്പെട്ട രൂപത്തെ ആലിംഗനം ചെയ്തു "എന്റെ ആത്മാവിനെ നിന്റെ തൃക്കൈകളിൽ ഏല്പിക്കുന്നു" എന്നീവാക്യം ഉച്ചരിച്ചും കൊണ്ടു ക്രീസ്താബ്ദം ൧൯൯൫-ൽ ൮൯ വയസ്സു പ്രായമായിരിക്കയിൽ, താൻ പ്രവചിച്ചിരുന്ന ദിവസത്തിലും നാഴികയിലും കത്താവിങ്കൽ നിദ്ര പ്രാപിച്ചു.

സ്വർഗ്ഗീയ പ്രകാശരശ്മി വീശിയിരുന്ന ഒരു അഗ്നിഗോളം ഒരു മഹാന്റെ അഴകുള്ള ആത്മാവിനെ കൈക്കൊണ്ടതു പലരും കണ്ടു. ഒരു പുണ്യദേഹത്തിന്റെ മൃതശരീരത്തിൽ നിന്നു അതി സുഗന്ധമുള്ള സൌരഭ്യം വീശിയിരുന്നു. അതിപ്പോഴും സെഗൊവ്യായിൽ പൂജ്യതയോടെ കാക്കപ്പെട്ട വരുന്നു. എന്നാൽ മിശിഹായുടെ ഒരു ധീരയോദ്ധാവിന്റെ മരണശേഷം തന്റെ തിരുശ്ശരീരത്തിൽ മറു പരിശുദ്ധന്മാരുടെ തിരുശ്ശരീരങ്ങളിൽ നടക്കുന്ന അനേക അത്ഭുതങ്ങൾ സംഭവിച്ചുവരുന്നതുകൂടാതെ അവയിൽ കാണപ്പെടാത്തതായ ഒരു മഹാ അത്ഭുതംകൂടെ നിവൃത്തിപ്പാൻ സർവ്വേശ്വരൻ ചിത്തമായി. എന്തെന്നാൽ ഒരു പരിശുദ്ധന്റെ തിരുശ്ശരീരത്തിൽ ചിലപ്പോൾ നമ്മുടെ കത്താവിന്റെയും അങ്ങെ പരിശുദ്ധ മാതാവിന്റെയും, മറു സമയങ്ങളിൽ ഓരോരോ വിശുദ്ധന്മാരുടെയും ഛായയും ചിലപ്പോൾ സ്വന്ത പ്രതിമയും മഹാ പ്രകാശത്തോടെ പ്രത്യക്ഷപ്പെട്ട വരുന്നു.

മരണത്തിന്നു മുമ്പും പിമ്പും ഒരു നമ്മുടെ പുണ്യദേഹം ചെയ്തിരുന്ന അനവധി അത്ഭുതം നിമിത്തം ഫ്രാം ബെനടിക്തോസു മുപ്പാപ്പാ ഒരു പുണ്യദേഹത്തെ വിശുദ്ധരുടെ ഗണത്തിൽ ചേർത്തു.

ഇഹലോകമായത്തെ നല്ല പോലെ ഗ്രഹിച്ചിരുന്ന ഒരു വി. പിതാവു പലപ്പോഴും പറഞ്ഞിരുന്നതായതു "ദൈവവും നിന്റെ ആത്മാവും മാത്രം ലോകത്തിലുണ്ടായിരുന്നാൽ എന്നപോലെ നീ ജീവിക്ക. എന്നാൽ യാതൊരു ഭയകവസ്തുവും നിന്റെ ഹൃദയത്തെ അടിമയാക്കുകയില്ല."

അപ്പൊ വി. യോഹന്നാൻ ആക്രൂസിന്റെ ജീവചരിത്രംകേട്ട നാം തന്റെ സുകൃതമാതൃകയെ അനുകരിക്കേണ്ടിയിരിക്കുന്നു. പ്രത്യേകമായി ദൈവജനനിയുടെനേരെ ചെറുപ്രായം മുതൽ ഉണ്ടായിരുന്ന നിഷ്കൃപടഭക്തിയും പരസ്നേഹവും രോഗികളുടെനേരെ കാണിച്ചിരുന്ന അസാമാന്യസ്നേഹതാല്പര്യവും കൊണ്ടു പഠിക്കണം. മാതാപിതാക്കൾ തങ്ങളുടെ മക്കളെ ചെറുപ്രായത്തിൽ തന്നെ ഇ

അരം സുകൃതങ്ങളിലഭ്യസിപ്പിച്ചാൽ, അവർ ഉത്തമ ക്രിസ്ത്യാനികളാകുമെന്നു നിസ്സംശയം പറയാവുന്നതാണു്.

.ടഡ്ഡ് .ഭ .ട

V ഒരു നാസ്തികന്റെ ഭയങ്കര മരണം.

വടക്കെ അമേരിക്കായിൽ മെരിലാ എന്ന പ്രദേശത്തു അല്ലെൻ എന്ന പട്ടണത്തിൽ വാൽറ്റെർ ഏച്ചു്. വിറനി എന്നു പേരായി ഒരു നാസ്തികൻ ജീവിച്ചിരുന്നു. ഇവൻ ആ ദേശവാസികളുടെ കൂട്ടത്തിൽ ദൈവദ്രോഹം കാരണത്താൽ കീർത്തിപെട്ടവനായിരുന്നു. എന്നാൽ ഒരു പ്രസിദ്ധ ദുഷ്ടൻ ഫെബ്രുവരി ആഗസ്റ്റു മാസം ഞായറാഴ്ച രാത്രി തന്റെ ദുഷ്ട സ്നേഹിതരുമായി സംസാരിച്ചിരിക്കയിൽ പറഞ്ഞ പല ദൈവദൂഷണങ്ങളുടെ കൂട്ടത്തിൽ "സർവ്വശക്തനായ ദൈവത്തിനു പാട്ടെങ്കിൽ എന്നെ ഒന്നു അടിച്ചു കൊല്ലട്ടെ," എന്നു അട്ടഹാസിച്ചു പറഞ്ഞു. ഇതു പറഞ്ഞതിൻപടൻ ഒരു ദുഷ്ടൻ നിലത്തുവീണു. ചുറുമുണ്ടായിരുന്നവർ അടുത്തു ചെന്നു എഴുന്നേൽപ്പിപ്പാൻ ശ്രമിക്കയിൽ ചത്തു കിടക്കുന്നുവെന്നു കണ്ടു ബോധിക്കയും ചെയ്തു. ഒരു ഭയങ്കരമരണം നിമിത്തം ആ പട്ടണവാസികളിലും മറ്റും മഹാഭീതിപൂണ്ടിരിക്കുന്നു. ദൈവത്തെയും തന്റെ പ്രമാണങ്ങളെയും കൂട്ടാക്കാതെ നിന്ദിച്ചു നടക്കുന്ന ദുർമ്മാർഗ്ഗികൾക്കു ഇതു ഒരു നല്ല പാഠമായിരിക്കട്ടെ.

.ടഡ്ഡ് .ഭ .ട

VI ജപമാലസഖ്യതയുടെ നിയമങ്ങൾ

(൨ാം പു: ൧൨ാം പ. തുടർച്ച.)

൭. ആഴ്ചതോറും ഭക്തിവണക്കത്തോടെ മേൽ പറഞ്ഞവിധം ജപിക്കുന്ന സഖ്യതക്കാരിൽ ഓരോരുത്തനും ഭൂലോകം മുഴുവനിലും ഉണ്ടായിരിക്കുന്ന പരിശുദ്ധ ജപമാലസഖ്യതക്കാരുടെ സകല നന്മപ്രവൃത്തികൾക്കും, ന. വിശു. പി. ദൊമ്നീക്കോസിന്റെ മൂന്നു വകസഭകളുടെ അരുപിക്കുടുത്ത സകല നന്മപ്രവൃത്തികൾക്കും ഒരു സഭയിൽ ഉണ്ടായ എണ്ണമില്ലാത്ത പരിശുദ്ധന്മാരു പ്രാപിച്ച സകല പുണ്യയോഗ്യതകൾക്കും ഒരു സഖ്യതക്കു ധാരാളമായിനൽകപ്പെട്ടിരിക്കുന്ന എല്ലാദണ്ഡവിമോചനങ്ങൾക്കും ജീവിതത്തിലും മരണശേഷവും അവകാശികളായിരിക്കുന്നു. ഒരു ജപങ്ങളെ ഉപേക്ഷിക്കുന്നവർ അതിനാൽ ദോഷം പിഴക്കയില്ല, പിന്നയൊ അവക്കു ചിലജ്ഞാനഫലങ്ങൾ നഷ്ടമായി പോകുകയെയുള്ളു.

൮. ആണ്ടുവട്ടത്തിൽ വരുന്ന എല്ലാ ഞായറാഴ്ചകളിലും ഉച്ചതിരിഞ്ഞു പൂർണ്ണ ജപമാലനമസ്കാരത്തിന്റെ മൂന്നിലൊരുഭാഗംപരസ്യമായി ജപിക്കയും, ശേഷമുള്ള ഇരു ഭാഗങ്ങളെ സഖ്യതക്കാർ ബുധനാഴ്ചയും ശനിയാഴ്ചയും പതിവായിക്കാണുന്ന ദിവ്യപൂജനേരത്തു എത്തിക്കയും ചെയ്യുന്ന സഖ്യതക്കാരു പ്രത്യക്ഷിണങ്ങൾക്കും പതിവായിട്ടുള്ള മറ്റു പുണ്യാഭ്യാസങ്ങൾക്കും തുല്യത്വമായി കൂട്ടുന്നതിനു പലപ്പോഴും ഉപദേശിക്കപ്പെടണം.

൯. എല്ലാമാസത്തിന്റെയും ഒന്നാം ഞായറാഴ്ച പൊതുവായ കുമ്പസാരകൊള്ളപ്പാട്ട ഉണ്ടാകണം. ആ ദിവസത്തിലെ പ്രസംഗത്തിൽ പരിശുദ്ധ ജപമാലയെക്കുറിച്ചു കൂടെയും വല്ല ഒരു വിവരണം പായണം. അതിന്റെ ശേഷം പരിശുദ്ധകന്യകയുടെ വണക്കത്തിനായി ജപമാലഎത്തിച്ചിട്ടു ജപമാലരാജ്ഞിയുടെ പടം അഥവാ കൊത്തുരൂപം എടുത്തു ലുത്തിനിയാ പാടികൊണ്ടു പ്രദക്ഷിണം ചെയ്യണം.

൧൦. സഖ്യതയുടെ പ്രധാനതിരുനാൾ ആണ്ടുതോറും തുലാമാസത്തിലെ ഒന്നാം ഞായറാഴ്ച മഹാ ഘോഷമായും ആഡംബരമായും കഴിക്കണം. ഒരു

തിരുനാളിന്നു കല്പിക്കപ്പെട്ടിരിക്കുന്ന വിലതീരാത്ത നിക്ഷേപമായ "തൊസ്സൈസ് കോപ്പൈസ്" എന്നു പറയപ്പെടുന്ന ദണ്ഡവിമോചനം വിശ്വാസിൽ ലഭിക്കുന്നതിനായി അവരെ കുമ്പസാരിപ്പിക്കുന്നതിനു വേണ്ടി പട്ടക്കാർ ധാരാളമായി ഉണ്ടാകുന്നതിനു താല്പര്യപ്പെടണം.

൨. ൦രം ഭക്തിവണക്കത്തിന്റേയും സഖ്യതയുടേയും ആദ്യ സ്ഥാപകനായ ന. പി. വിശുദ്ധ ഡൊമിനീക്കോസിന്റെ തിരുനാൾ പാട്ടുകുർബ്ബാന ശുദ്ധ: കുർബ്ബാനയുടെ വാഴ്ച്ച് മുതലായതുകളോട്ടു കൂടി ഘോഷമായി കഴിക്കേണം.

൩. ഭാഗ്യപ്പെട്ട കന്യാസ്ത്രീ മറിയത്തിന്റെ ശുദ്ധീകരം, മംഗലവാർത്ത, കരേറാം, പിറവി, എന്ന തിരുനാളുകളുടെ ശേഷമുള്ള മുടക്കമില്ലാത്ത ദിവസങ്ങളിൽ മരിച്ച സഖ്യതക്കാർക്ക വേണ്ടി ആണ്ടുതോറും ശേഷക്രിയകൾ നടത്തപ്പെടണം. എന്നാൽ ജപമാല രാജ്ഞിയുടെ തിരുനാളിന്റെ പിറേദിവസം ജീവിച്ചിരിക്കുന്ന സഖ്യതക്കാർക്ക വേണ്ടി ഒരു കുർബ്ബാന ചൊല്ലണം. ഇവകൾക്കു വേണ്ടിയുള്ള പണം സഖ്യതക്കാർ കൊടുക്കേണ്ടതാണു

൪. സഖ്യതയുടെ ശ്രേഷ്ഠൻ ആണ്ടുതോറും ജപമാലരാജ്ഞിയുടെ തിരുനാളിനു മുമ്പ സഖ്യത നിയമത്തിനു ഒത്തവണ്ണം ഒരു സംഘം കൂട്ടണം.

൫. ൦രം സംഘത്തിൽ അദ്ധ്യക്ഷനും ഭണ്ഡാര സൂക്ഷകാരനും, സക്രിസ്തനും, മൂന്നു ആലോചനക്കാരും ഉണ്ടായിരിക്കണം.

൬. സഖ്യതയുടെ ഗുണാഭിവൃദ്ധിക്കായി ആണ്ടിൽ ഒരിക്കൽ അഥവാ, പല പ്രാവശ്യം സഖ്യതക്കാരുടെ സംഘം ഉണ്ടാകേണ്ടതാണു.

സൂചനം— ടി. നിയമങ്ങൾ വിശു. ഡൊമിനീക്കോസിൻ സഭയുടെ നിയമങ്ങളാണ്. സഖ്യത സ്ഥാപിക്കപ്പെട്ടസ്ഥലങ്ങളുടെ സാഹചര്യങ്ങൾക്കു തക്കവണ്ണം സ്ഥലത്തെ മെത്രാനു ടി നിയമങ്ങളിൽ യാതൊന്നിനെ കൂടുകയതിനൊ പകുത്തുന്നതിനൊ വാശ്യമുണ്ടെന്നതിനൊ, പാടുണ്ട്. ൦രം അധികാരത്താൽ, സ്ഥലത്തെ ആശ്രമദേവാലയത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന പരിശുദ്ധ ജപമാല സഖ്യതക്കായി ടി. നിയമങ്ങളിൽ ചെയ്തിരിക്കുന്ന ഭേദഗതികൾ:

(൧.) ൯ാം ലക്കത്തിൽ പറഞ്ഞിരിക്കുന്ന മാസംതോറുമുള്ള പ്രദക്ഷിണത്തിനു പകരം പരിശുദ്ധ ജപമാലരാജ്ഞിയുടെ തിരുനാളിൽ പ്രദക്ഷിണം കഴിക്കണം, പ്രദക്ഷിണനേരത്തു സഖ്യതക്കാർ തങ്ങളുടെ ഇടത്തുകൈ തണ്ടിന്മേൽ ജപമാല ഇട്ടിരിക്കണം. ൦രം തിരുനാളിൽ സഖ്യതക്കാർ എല്ലാവരും കുമ്പസാരിച്ചു ശുദ്ധ: കുർബ്ബാന കൈക്കൊള്ളുന്നതിനു താല്പര്യപ്പെടണം.

(൨.) ൦രം തിരുനാളിനു റബ്ബേക്ക്, ആർമ്മോണി മുതലായതു കൊട്ടുന്നതല്ലാതെ നാട്ടുമുറക്കുള്ള വെടി, തമ്പേർ, ചെണ്ട, ചെട്ടിവാദ്യം മുതലായവ ഉണ്ടായിക്കൂടാ.

(൩.) ൯ാം ലക്കത്തിൽ പറഞ്ഞിരിക്കുന്ന പൊതുവായ ശുദ്ധ: കുർബ്ബാനയുടെ കൈക്കൊള്ളപ്പാടിന്നും, ജപമാല നമസ്കാരത്തിനും കൂട്ടുന്നതിനു സൌകര്യമില്ലാത്തവർ തങ്ങളുടെ ഒഴിവുപോലെ മാസത്തിൽ ഏതെങ്കിലും ഒരു ദിവസം ടി. സംഗതികളെ നിരവേറിയാൽ മതി.

൪. ൦രം സംഘത്തിൽ ചേർന്ന കുടുംബങ്ങൾക്കു ഒരു ശുശ്രൂഷിക്കാരൻവീതം ഉണ്ടായിരിക്കണം. ൦രം സഖ്യതയിൽ ചേർന്നവർ ആരെങ്കിലും മരിച്ചാൽ ഉടനെ വിവരം ശുശ്രൂഷിക്കാരനെ അറിയിക്കണം. ശുശ്രൂഷിക്കാരൻ സഖ്യത ശ്രേഷ്ഠനെ അറിയിക്കണം, സഖ്യത ശ്രേഷ്ഠൻ മറ്റുള്ള ശുശ്രൂഷിക്കാരരെ അറിയിക്കയും അവർ തങ്ങളുടെ കീഴുള്ള സഖ്യതക്കാരെ അറിയിക്കയും വേണം. മരണവിവരം അറിയുന്ന സഖ്യതക്കാർ ഒരു മുഴുവൻ കൊന്ത എന്തിച്ചു മരിച്ച ആളിന്റെ ആത്മാനുകൂലത്തിനായി കാഴ്ചവെക്കണം.

൪. ൧൫ാം ലക്കത്തിൽ പറഞ്ഞിരിക്കുന്ന പൊതുസംഘം ആണ്ടുതോറും പരിശുദ്ധ ജപമാലരാജ്ഞിയുടെ തിരുനാളിനു മുമ്പുകഴിക്കപ്പെടുന്ന നവനാളിൽ ഒരു ദിവസം സഖ്യതയുടെ ശ്രേഷ്ഠൻ ക്ലുണം. ഇതുമുടക്കാതെ ആണ്ടുതോറും നിറവേറുകയും വേണം.

൫. ൨൨൨൨.൨.൫

VII തിരുഹൃദയ സംജീവിത സംഘ സഭ.

(൬_ാം പു. ൧൩൩_ാം പ. തുടർച്ച.)

തിരുഹൃദയ സംജീവിതസംഘം അഥവാ ദിവ്യരക്ഷകൻ ൦൦൦ൊമിശിഹായുടെ തിരുഹൃദയ ഭക്തിയെ വർദ്ധിപ്പിക്കുന്ന ഒരു ഉത്തമ വഴി.

൧. കത്തോലിക്കാ ക്രിസ്ത്യാനികൾ പ്രത്യേകം ദൈവഭക്തരും വിശുദ്ധ റോമൻ കത്തോലിക്കാ സഭയേയും ആ സഭയുടെ ഭരണകർത്താക്കളാകുന്ന വിശുദ്ധ പാപ്പാ, മെത്രാന്മാർ മുതലായവരുടെ കല്പനകളെ താല്പര്യത്തോടും കീഴ്ഴുക്കത്തോടും ഭക്തിപൂർവ്വം ആചരിക്കുന്നവരും നവീകരണ മതങ്ങളോട് വെറുപ്പും അവരുമായുള്ള സംസർഗ്ഗത്തിൽ നീരസവും ഉള്ളവരും മാത്രമെ ഈ സംഘത്തിൽ ചേർക്കപ്പെടുകയുള്ളൂ.

൨. മാസത്തിൽ ഒരു പ്രാവശ്യം സംഘാധികാരികൾ കൂടി നിശ്ചയിക്കുന്ന ദിവസം സംഘം കൂടണം.

൩. ഈ സംഘത്തിന്റെ നിലനിൽപ്പിനും ഉയർച്ചയ്ക്കുമായി സ്ഥിരസാമാജികന്മാരിൽനിന്നു മാനേജർ, പ്രസിഡന്റ്, സിക്രട്ടറി ഇങ്ങനെ മൂന്നുപേരെ നടത്തക്കാരായി നിശ്ചയിച്ചിരിക്കുന്നു.

൪. ദിവ്യരക്ഷിതാവു വിശുദ്ധ മർഗ്ഗരീത്താ അളക്കോക്കുപോ എന്ന പുണ്യവതിയോട് അരുളിച്ചെയ്ത വാഗ്ദത്തപ്രകാരം മാസംതോറും ആദ്യവെള്ളിയാഴ്ച കുമ്പസാരിച്ചു വിശുദ്ധ കുർബ്ബാന കൈക്കൊള്ളണം.

൫. ഓരോ സംഘത്തിൽ ഓരൊ പൊതുക്കരുതൽ സംഘനിയമപ്രകാരം നിശ്ചയിക്കുന്നതാകുന്നു. അതായതു ഏതെങ്കിലും ഒരു പാപത്തിനുള്ള വഴിയെ ഉപേക്ഷിച്ചു എതിരായ പുണ്യങ്ങളെ ചെയ്യുന്നുണ്ടെന്നു പ്രതിജ്ഞചെയ്യുക.

ഉദാഹരണം.

(a) മദ്യപാനം ചെയ്യാതിരിക്കുക.

(b) വിശുദ്ധ കുർബ്ബാന എഴുന്നള്ളിച്ചു രോഗികൾക്കും മറ്റും കൊണ്ടുപോകുന്ന സ്ഥലത്തു സംഘക്കാർ പോയി വേണ്ട ബഹുമാനങ്ങൾ ചെയ്തു കുർബ്ബാനയെ ആരാധിക്കുക.

(c) ആട്ടം, കൂത്തു മുതലായ വിനോദത്തിനും ചിറ്റിമ്പത്തിനും ഹേതുവാകുന്ന കളികളെ കാണാതിരിക്കുക.

(d) കള്ളസാക്ഷി, കള്ളസ്സത്യം മുതലായവകൾ ചെയ്യാതിരിക്കുക. സാക്ഷിയും നമ്പരും നേരായിരുന്നാലും പ്രത്യേകാവശ്യം ഇല്ലാത്തതിനെ ഉപേക്ഷിക്കണം. അല്ലാത്ത പക്ഷം സംഘത്തിന്റെ അനുവാദപൂർവ്വം വേണം.

(e) മുഴുവനായ ആത്മശോധനയാൽ ഉത്തരിപ്പുകടങ്ങൾ ശോധനചെയ്തു തീർക്കയും മേനിക്ഷയം വരുത്തിയതിനു പൊറുതി പറകയും ചെയ്യുക.

(f) അജ്ഞാന പ്രവൃത്തികളായ നാക്കുപാറുക, കണ്ണുപാറുക എന്നു പാറുകയും വിശ്വസിക്കയും ചെയ്യാതെയും കൂട്ടികൾക്കുമാറും ദീനം വന്നാൽ മതവിരോധികളും മദ്യപാനം ചെയ്യുന്നവരുമായ പട്ടക്കാർമൂലം ഓല എഴുതി കെട്ടുക, പൂട്ടുകലക്കികുടിപ്പിക്കുക മുതലായ പ്രവൃത്തികൾ ചെയ്യാതെയും ഇരിക്കുക.

(g) പുലയർ മുതലായ ഹിന്ദുമതക്കാരെ ക്രീസ്തുമതത്തിൽ ചേർക്കുന്നതിലേയ്ക്കു വേണ്ട ആലോചനകൾ ചെയ്തു ഉറപ്പിക്കുക. ഇതാകുന്നു ഇതുവരെ നടന്ന സംഘങ്ങളിലെ പൊതുക്കരുതലുകൾ.

൬. ഓരോ സംഘത്തിൽ ഓരോതലവന്മാരെ നിശ്ചയിക്കുന്നു. അവർ സംഘ ദിവസം എല്ലാവരുടെയും പൊതു

നിയോഗത്തോടുകൂടി കുമ്പസാരിച്ചു വിശുദ്ധ കുർബാന കൈക്കൊള്ളണം.

൬. സംഘക്കാർ വിശുദ്ധ കുർബാന കൈക്കൊള്ളുമ്പോഴും സംഘസമയത്തും തങ്ങളുടെ അടയാളമായ 'തിരുഹൃദയ' ഉത്തരീയം ധരിച്ചിരിക്കണം.

൭. സംഘം കൂടുന്നതിനു മുൻ നിശ്ചയിച്ചിട്ടുള്ള സ്ഥലത്തു സംഘസാമാജികർ എല്ലാവരും വന്നതിന്റെ ശേഷം തിരുഹൃദയത്തിന്റെ ഒരു പടം പാട്ടപോലെ അലങ്കരിച്ചു പുഷ്പങ്ങൾ ചാർത്തി രണ്ടു മെഴുകുതിരിയും കത്തിച്ചു പ്രതിഷ്ഠ ജപം എഴുതിക്കുന്നു.

൮. പിന്നീടു തിരുഹൃദയഭക്തിയെ വർദ്ധിപ്പിക്കുന്നതിനുള്ള ആലോചന, പൊതുക്കുതൽ ഉറപ്പിക്കൽ, കഴിഞ്ഞ മാസങ്ങളിലെ കുതൽ സംഘക്കാരിൽ വല്ലോരുത്തൻ നിറവേറാതെ ഇരുന്നോ എന്നു തിരക്കം ചെയ്യ സഭയിൽ ചേർന്നിട്ടുള്ളവരുടെ കണക്കെഴുതുക, ഇവയെല്ലാം കഴിഞ്ഞു തിരുഹൃദയ ഭക്തിയെക്കുറിച്ചു ഒരു പ്രസംഗം സിക്രട്ടറി എഴുതി എല്ലാ സംഘത്തിലും ബ. വികാരിയുടെ പരിശോധനയോടുകൂടി വായിക്കണം.

൯. സംഘം വകയായി വരുത്തുന്ന തിരുഹൃദയചിത്രം, കമ്മലകുസുമം മുതലായ ഭക്തിക്കുറിപ്പുകളും പുസ്തകങ്ങളും പുത്തകങ്ങളും ആദിയായവ ഒരു മണിക്രോളം വായിക്കുന്നു.

൧൦. തിരുഹൃദയ സഭക്കാർക്കു വിശേഷ ദോഷപരിഹാരികൾ കല്പിച്ചിരിക്കുന്ന ദിവസങ്ങളിലും സംഘക്കാർ വിശുദ്ധ കുർബാന കൈക്കൊള്ളണം.

൧൧. സംഘക്കാരുടെ പ്രധാന വേല വിശ്വാസികളെ തിരുഹൃദയ സഭയിൽ പേരെഴുതി ചേർത്തു സാക്ഷിപത്രം കൊടുക്കുന്നതാകുന്നു.

൧൨. ഓരോ സംഘത്തിൽ ഓരോ സൽക്രിയകളും പൊതുക്കുതലുകളും നിശ്ചയിക്കുന്നതു വ്യർത്ഥമെന്നിയെ നിറവേറണം. നിറവേറാത്തപക്ഷം ദൈവപ്രമാണങ്ങൾക്കു വിരോധമായിരുന്നാൽ സംഘത്തിൽനിന്നു തള്ളണം; മറ്റു പുണ്യകുതലുകളായിരുന്നാൽ ഒരു പണം പിഴയായി സംഘം വകയ്ക്കു കൊടുത്തുംകൊണ്ടു മേലിൽ പൊതുകുതലിനു വീഴ്ച വരുത്തുന്നതല്ലെന്നു സംഘത്തോടു ക്ഷമായാചനം ചെയ്യുന്നതായാൽ സംഘത്തിൽ ചേർക്കുന്നതാകുന്നു.

൧൩. സാമാജികന്മാർ മാസംതോറും ആരപ്പണംവീതം സംഘത്തിന്റെ ചിലവുകയ്ക്കായി പിരിച്ചു സാമാജികരിൽനിന്നു രക്ഷാധികാരി സ്വീകരിക്കുന്ന വിശ്വാസമുള്ള ഒരാളിനെ ഏല്പിച്ചുകൊടുക്കുന്നതാകുന്നു. അയാൾ വരവു ചിലവുകണക്കു മാനേജരെ ഏൽപ്പിക്കണം. ഒരുതുപായിൽ കവിയാത്ത സംഖ്യകൾ എടുത്തു ചിലവുകൾ നടത്തുന്നതിനു മാനേജരും പ്രസിഡണ്ടും മാത്രം മതിയാകുന്നതാണു.

൧൪. പേരെഴുതി സഭയിൽ ചേർക്കുന്ന കണക്കു മാസാന്ത്യത്തിൽ എല്ലാവരും മാനേജരെ ഏൽപ്പിക്കയും മാനേജർ സംഘം വക കണക്കിൽ പതിച്ചു കണക്കു പേർ വിവരത്തോടും ബഹുമാനപ്പെട്ട രക്ഷാധികാരിയായ വികാരിയുടെ സാക്ഷിയോടുകൂടി സഭ നടത്തുകാരനായ കുശ്ശാളച്ചേരിൽ ബ. തോമ്മാക്കുത്തനാക്കു അയച്ചുകൊടുക്കയും വേണം.

൧൫. നിർവാഹക സംഘ സാമാജികന്മാരുടെ നിയമങ്ങൾ വേറെ ആകുന്നു.

൧൬. സംഘക്കാർ എല്ലാവരും അന്യോന്യം സഹോദരന്മാരെപ്പോലെ സ്നേഹവും യോജിപ്പുംകൊണ്ടു ഏക മനസ്സായി സംഘത്തിന്റെ ശ്രേയസ്സിനും വർദ്ധിപ്പിനും വേണ്ടി പാട്ടപോലെ പ്രയത്നപ്പെടണം.

ഇതിൽ വിവരിച്ചിരിക്കുന്ന ക്രമത്തിൽ ഇവിടെ നടത്തി വരുന്നതാകുന്നു.

എന്നു. രാമപുരം തിരുഹൃദയ സംജീവിത സംഘത്തിന്റെ രക്ഷാധികാരിയും ടി. പള്ളിയുടെ വികാരിയും ആയ തോട്ടങ്കൽ തോമ്മാ കത്തനാർ.

൧൯൦൫ ആഗസ്റ്റ ൨൯-.

ലോക വർത്തമാനച്ചുരുക്കം.

യുദ്ധം.

ലിയോയാങ്ങിലെ ഭയങ്കര യുദ്ധത്തിന്റെശേഷം റഷ്യർ മുക്ഡൻ എന്ന സ്ഥലത്തേക്കു മാറുകയും ജപ്പാൻകാർ ലിയോയാങ്ങിൽ സ്ഥാനം ഉറപ്പിക്കയും ആണ് ഉണ്ടായതു. രണ്ടു കക്ഷികളുടെയും ആത്മധൈര്യവും പ്രസ്താവനയും കൊണ്ടു ഉടനെ യുദ്ധം ഒന്നും ഉണ്ടാകുന്നതല്ലെന്നാണ തോന്നിയിരുന്നതു. കുറെ കഴിഞ്ഞപ്പോൾ ഭാവമെല്ലാം മാറി വീണ്ടും ശണ്ഠതുടങ്ങി. ആദ്യം റഷ്യർ ജപ്പാൻകാരെ പല സ്ഥലത്തുനിന്നു ഓടിച്ചു എങ്കിലും അവയിൽ പലതും ജപ്പാൻകാർ വീണ്ടും സ്വാധീനപ്പെടുത്തി. ഈ ശണ്ഠകളിൽ വന്നിട്ടുള്ള നാശവും ഒട്ടും ചില്ലറയല്ല. ജപ്പാൻകാരുടെ നാശം ഇത്രയെന്നു പുറത്തുവന്നിട്ടില്ല. റഷ്യരുടെഭാഗത്തു എണ്ണായിരംപേർ നഷ്ടപ്പെട്ടിട്ടുണ്ടെന്നു റഷ്യൻ സേനാനായകൻ തന്നെ സമ്മതിക്കുന്നുണ്ടു്. ജപ്പാൻ സേനാനായകൻ കണക്കാക്കിയിരിക്കുന്നതു റഷ്യക്കു മുപ്പതിനായിരം ആളുകളും അറുപതു പീരങ്കിയും നഷ്ടപ്പെട്ടിട്ടുണ്ടെന്നാണ്. റഷ്യർ ഗ്രിഫ്ൻബർഗ്ഗ് എന്ന സേനാധിപന്റെ കീഴിൽ മൂന്നു ലക്ഷം പട്ടാളത്തെക്കൂടി അയക്കുന്നുണ്ടു്. അതിൽ കുറെ എല്ലാം യുദ്ധസ്ഥലത്തു വന്നെത്തിയിട്ടുണ്ടു്. ആ പട്ടാളം മുൻകിടക്കുന്ന പട്ടാളത്തെ ബലമായി സഹായിക്കുന്നു. ഈ സഹായത്തിന്റെ ഫലമാണെന്നു തോന്നുന്നു കടശികിട്ടിയ കമ്പിവർത്തമാനങ്ങളിൽ പലതും റഷ്യക്കു ഹാനിയായി കാണുന്നതു. ജപ്പാൻകാർ റഷ്യരെ ഷാഹോ നദീതീരത്തുനിന്നു ഓടിക്കുന്നതിനു പല ശ്രമങ്ങൾ ചെയ്തിട്ടും ഫലിച്ചില്ലെന്നും ജപ്പാൻകാരുടെ സ്വാധീനത്തിലിരുന്ന ഒരു സ്ഥലം വിശേഷാൽ പിടിച്ചു എന്നും അവരുടെ പതിനാലു വലിയ തോക്കുകൾ കരസ്തമാക്കിഎന്നും മറ്റും കാണുന്നു. ഷാഹൊ നദിതീരത്തുവച്ചു ഉണ്ടായ ശണ്ഠകളിൽ രണ്ടുഭാഗത്തുമായി അറുപതിനായിരം പേർ നഷ്ടപ്പെട്ടിട്ടുണ്ടു്. അവിടെനിന്നു ഇതുവരെ വിട്ടുമാറിയിട്ടില്ല. നാല്പത്തിരണ്ടു ഉരുക്കൾ അടങ്ങിയ കപ്പൽ സന്നാഹം പുറപ്പെട്ടിട്ടുണ്ടു്. ഇവ എല്ലാംകൂടി വന്നുചേരുമ്പോളുണ്ടാകുമെന്ന അവസ്ഥ കണ്ടറിയേണ്ടതുതന്നെയാണു്. ജപ്പാൻകാക്കു സുഖകരമായി തീരുവാൻ തരമില്ലാത്ത താണുപ്പുകാലമാണു അടുത്തുവരുന്നതും.

പോർട്ടാർതാറിനുള്ളിലേക്കുള്ള തുരങ്കം തീർന്നിരിക്കുന്നു എന്നും മറ്റും കേട്ടിട്ടുനാൽ വളരെ ആയെങ്കിലും ഇതുവരെ അവിടെ യാതൊരു ഭേദഗതിയും വന്നതായി കാണുന്നില്ല. ഇപ്പോഴും തടഞ്ഞുവച്ചുകൊണ്ടിരിക്കുന്നതെയുള്ളു എന്നാണു കേൾക്കുന്നതു്. എല്ലാത്തിന്റെയും പര്യവസാനം ഒന്നു കണ്ടല്ലാതെ തീർച്ചപ്പെടുത്തുവാൻ തരം കാണുന്നില്ല.

൨. ശ്രീമൂലം പ്രജാസഭ— രാജ്യത്തെ പൊതുജനത്തിനു ഗവർമ്മെൻറിന്റെ നടത്തയെപ്പറ്റി അറിവു കൊടുക്കുന്നതിനും പൊതുക്ഷേമത്തിനും ഐശ്വര്യത്തിനും ഉപയുക്തങ്ങളും ഉപദ്രവകരങ്ങളുമായവയെ അറിഞ്ഞു വേണ്ടപരിഷ്കാരങ്ങൾ ചെയ്യുന്നതിനും എന്ന ഉദ്ദേശ്യത്തോടെ മന്ത്രിപുംഗവന്റെ പ്രേരണയിന്മേൽ മഹാരാജാവു തിരുമനസ്സുകൊണ്ടു നവീനമായി ഏർപ്പെടുത്തിയ ശ്രീമൂലം പ്രജാസഭ കഴിഞ്ഞമാസം ൨൨, ൨൪ എന്നീ തിയ്യതികളിൽ ഭംഗിയായി നടത്തപ്പെട്ടിരിക്കുന്നു. ആദ്യദിവസം ൬൫ മണിയോടുകൂടി ദിവാൻ അവർകൾ മഹാരാജാവു തിരുമനസ്സിലെ പേക്ഷ സഭാവാസികൾക്കു സ്വാഗതാശംസനംചെയ്തുകൊണ്ടുപക്രമപ്രസംഗം ആരംഭിക്കയും ഈനവീനപ്രജാസഭ സ്വന്ത കടത്തെ ശരിയായി അനുവർത്തിച്ചുപോരുന്നപക്ഷം ഈ സഭയ്ക്കുണ്ടാകുമെന്ന ശ്രേയസ്സിനെയും കഴിഞ്ഞ കൊല്ലത്തിൽ രാജ്യഭരണം സംബന്ധിച്ചു നടന്ന പ്രധാനവിഷയങ്ങളിൽ ഓ

രോന്നിനെയും പറ്റി വിവരിച്ചു പ്രസംഗം അവസാനിപ്പിക്കയും ചെയ്തു. അനന്തരം സാമാജികന്മാരിൽ ചിലർ ഇതു സ്തുത്യർഹമായ ഒരേർപ്പാടിനു ബുദ്ധിപൂർവ്വം ശ്രമിച്ച ദിവാൻജി അവർകൾക്കും മഹാരാജാവുതിരുമനസ്സിലേക്കും ഏവരുടെയുംപേർക്കു ഹൃദയപൂർവ്വമായ മംഗളംപറഞ്ഞു ഒരു മണിയോടെ യോഗം പിരിഞ്ഞു. രണ്ടാം യോഗം കൂടിയതു ൨൪-തിങ്കളാഴ്ചയ്ക്കാണ്. എട്ടുമണിക്കു യോഗം ആരംഭിച്ചു. സാമാജികന്മാരിൽ പലരും ഓരോ പൊതുജനക്ഷേമങ്ങളായ വിഷയങ്ങളെപ്പറ്റി പ്രസംഗിച്ചു. നെൽക്കരം നിറുത്തൽചെയ്ക, അലുവായിൽനിന്നു തിരുവനന്തപുരംവരെ തീവണ്ടി ഏർപ്പെടുത്തുക, ൨വന്നകായ്ങ്ങളും ദേവസ്വം കായ്ങ്ങളും രണ്ടാക്കുക, ജനങ്ങൾക്കു തടികിട്ടത്തക്കവണ്ണം സൌകര്യം കൊടുക്കുക, കായൽ കൃഷി അനുവദിക്കുക മുതലായ സംഗതികളെപ്പറ്റിയാണു മുഖ്യമായി പ്രതിപാദിക്കപ്പെട്ടതു്. നെൽക്കരം നിറുത്തൽ ചെയ്യുന്നതിനെപ്പറ്റി പലരും പ്രസംഗിച്ചു. ദിവാൻജിസ്വാമി അവർകൾ എല്ലാം ശ്രദ്ധയോടെ കേൾക്കയും പറ്റുള്ള പരിഹാരമാർഗ്ഗങ്ങൾ നോക്കുന്നതാണെന്നു വാക്കുകൊടുക്കയും ചെയ്തു ൧൰ മണിയോടെ യോഗംപിരിഞ്ഞു.

൩. ദിവാൻജി അവർകൾ വടക്കോട്ടുള്ള സർക്കീട്ടുകഴിച്ചു തലസ്ഥാനത്തേക്കു പിന്തിരിഞ്ഞിരിക്കുന്നു. നെൽക്കരം നിറുത്തൽചെയ്ക, രാജ്യത്തു തീവണ്ടി നടപ്പാക്കുക മുതലായ പൊതുഗുണപ്രദങ്ങളും അത്യന്താപേക്ഷിതങ്ങളുമായ പല സാരവത്തായ കായ്ങ്ങളെപ്പറ്റി ആലോചിച്ചു തീർച്ചപ്പെടുത്തുന്നതാണെന്നു വാഗ്ദാനം ചെയ്തിട്ടുണ്ട്.

൪. ദിവാൻജി അവർകളുടെ ദൃഷ്ടി ജനങ്ങളെയും ഗവർമ്മെൻറിനെതന്നെയും നന്നാ ഇട്ടു കഷ്ണിപ്പിക്കുന്ന കണ്ടെഴുത്തു കായ്ത്തിൽ പതിഞ്ഞു അധികം താമസംകൂടാതെ ഇതിനെ പര്യവസാനിപ്പിക്കേണ്ട മാർഗ്ഗങ്ങൾ ഏർപ്പെടുത്തിക്കാണുന്നതിൽ സന്തോഷിക്കുന്നു. പുതുവൽ വസ്തുക്കൾ കരക്കടിശ്ശിക തീർപ്പിക്കാതെ പാട്ടത്തിൽ അഞ്ചിരട്ടിയിൽകവിയാത്ത ഒരു വില കെട്ടി വെച്ചിച്ചു പതിച്ചുകൊള്ളേണ്ടതിനു തീർച്ച ചെയ്തിരിക്കുന്നു. ഇനി അധികകാലതീഷ്ണംകൂടാതെ ഈ ഉത്സാഹം ഏർപ്പാട് പര്യവസാനിക്കുമെന്നു ആശംസിക്കാം.

൫. റഷ്യാ സാമ്രാജ്യത്തിൻെറ വിസ്താരം വ്യാ൦൦൦൦ ചതുരശ്രമയിൽസ് ആകുന്നു. ഇതിൽ യൂറോപ്യൻ റഷ്യയുടെ വിസ്താരം ൬൫൦൦൦൦ ചതുരശ്രമയിൽസും അതിലെ ജനസംഖ്യ ൬൦ കോടി സാ ലക്ഷവും ആണ്. ഏഷ്യായിലെ റഷ്യൻ ജനസംഖ്യ രണ്ടു കോടി ൨൦ ലക്ഷംമാത്രംആകുന്നു. ലോകത്തിലുള്ളതിൽ അധികം (൧൦ ലക്ഷം) സൈന്യ റഷ്യയ്ക്കുണ്ട്. ജപ്പാനും കോറിയായും കൂടിയുള്ള വിസ്താരം ൨൮൫൪൫൭ ചതുരശ്രമയിൽസും അതിലെ ജനസംഖ്യ ൩൧൯൯൦൦൦൦-ം സൈന്യത്തുക ഏകദേശം ൫ ലക്ഷവും ആകുന്നു.

൬. "ക്രിസ്തീയ കുഡുംബ ചരമസഹായ ധനശേഖര സമാജം,, എന്ന പേരോടുകൂടി ഒരു സഭ തങ്കുച്ചേരി മെത്രാസന പള്ളിയുടെ വികാരി ബ. എം ഏ. ഏലിയാസ് ഫെല്ലി അച്ചൻ അവർകളുടെ അദ്ധ്യക്ഷതയിൻകീഴ് ആരംഭിച്ചിരിക്കുന്നു. ഈ സഭയുടെ ഉദ്ദേശ്യം ഇതിലെ സാമാജികന്മാരുടെ കുഡുംബങ്ങളിൽ ഉണ്ടാകുന്ന മരണങ്ങളിൽ അവരെ സഹായിക്കുന്നതാണ്.

൭. ഇപ്പോഴത്തെ വലിയ യുദ്ധക്കപ്പലുകളിൽ സാമാന്യം പത്തംഗുലം മദ്ധ്യ അളവുള്ള ൨൰ം ൭ അംഗുലം മദ്ധ്യ അളവുള്ള എട്ടും പീരങ്കികൾ ഉണ്ട്. ഇവയിൽ ഒന്നാംതരത്തിൽ ഓരോന്നിനു അറുപതിനായിരം പവനും രണ്ടാംതരത്തിൽ ഓരോന്നിനു ൫൬,൫൦൦ പവനും വിലയുണ്ട്. ഒന്നാംതരം തോക്കുകളിൽ ഓരോന്നു ഒരു മിനിട്ടിൽ രണ്ടു വെടിവയ്ക്കും. ഒരു വെടിയ്ക്കു എൺപതും രണ്ടാംതരത്തിൽ ഒന്നിൻെറ ഒരു വെടിയ്ക്കു ൨൰ം പവൻ ചിലവുണ്ട്.

പരസ്യം.

പ്രാർത്ഥനയുടെ അപ്പസ്തോലത്വം.

തിരുഹൃദയ ഭക്തന്മാർക്ക് പ്രത്യേകം ആവശ്യം.

വരാപ്പുഴ, കൊച്ചി, ചങ്ങനാശേരി, എറണാകുളം, തൃശ്ശിവപേരൂർ എന്നീ സ്ഥലങ്ങളിലെ വന്ദ്യ മേല്പട്ടക്കാരുടെ അംഗീകരണത്തോടു കൂടിയതു്.

ഈ പുസ്തകം താഴെ പറയുന്ന മേൽവിലാസത്തിൽ അപേക്ഷിച്ചാൽ കിട്ടുന്നതാണു്.

വില തുകൽകെട്ടു പുസ്തകം ഒന്നു— ൧൦ ണ.
തുണി (കലിക്കൊ) „ „ ൮ ണ.

മേൽവിലാസം

Rev. Fr. Mathew Menezes,
Assistant Vicar, Town Church, Cochin.

റവറണ്ടു് ഫാദർ മാത്തു മെനേസസ്
അസിസ്റ്റണ്ടു വൈക്കർ, ടൌൺ ചർച്ചു് കൊച്ചി

„കമ്മലകുസുമം„ മാസിക വരിപ്പണം അടച്ചവരുടെ പേരു വിവരം—

മ. രാ. രാ. ഒരുത്രുപാവീതം. അവർകൾ

ബ. ചെത്തിപ്പുഴ കൊവേന്തയുടെ വികാരി അച്ചൻ, മാണിക്കനാംപറമ്പിൽ ഔസേപ്പു കുഞ്ഞുവുത, കുപ്പിൽ ചെറിയു ഈപ്പൻ, കുട്ടുക്കയത്തു ചെറിയാൻ തൊമ്മൻ, ബ. പള്ളിക്കുന്നേൽ കുരുവിള ക, പാലക്കാലിൽ ചെറിയാൻ, കോട്ടർ മത്തായി ഔസേപ്പു, കോട്ടരു കുരുവിള ഉലഹന്നൻ, പൈനുംകൽ വക്കി വക്കി, പൈനുംകൽ വക്കി മാത്തു, കുളിയാടൻ മത്തായി അന്തോനി, പാലത്തുംകൽ ഔസേപ്പു വക്കി, കുരിശുംകൽ ലോനൻ ഔസേപ്പു, വിളങ്ങാട്ടിൽ ഔസേപ്പു കുരുവിള, ബ. പള്ളിക്കുന്നേൽ യോഹന്നാൻ ക, ബ. ഒല്ലൂക്കാരൻ ഇട്ടിക്കുരു ക, പെ. ബ. അമ്പഴക്കാട്ടു കൊവേന്തയുടെ പ്രിയോരച്ചൻ, കേ. പി. ദേവസ്സി, തൊട്ടാൻ ഔസേപ്പു, കോച്ചേരിൽ മാത്തു ഇട്ടിയച്ചൻ, വലിയവീട്ടിൽ കുഞ്ഞുവറിയു ഔസേപ്പു, വലിയവീട്ടിൽ അന്തോനി കുഞ്ഞുവറിയു, ബ. വയലാറു ഗീവറുഗീസു ക, വടക്കെ തലമുറിയിൽ ചാക്കു, കുരുകുളം മാത്തു തോമ്മാ, താണിക്കൽ പൊറത്തേടത്തു ലോനാ, ബ. പുതുശ്ശേരിൽ മത്തായി ക, എലവുത്തിംകൽ മൂട്ടിക്കൽ ഈനാശു മകൻ പൌലോസു, ബ. ചിറമേൽ മാത്തു ക, ബ. കോനിക്കര യൌസേപ്പു ക, കേ. ടി. പാവു, ബ. പഞ്ഞിക്കാരൻ യൌസപ്പു ക, ആറാടിയിൽ മറിയം ബ. നൊറണ്ണൽ യാക്കൊ ക,

പലവക.

കുമ്പളശ്ശേരിൽ കുസ്താക്കുസു, ചക്രം ൨൫. മണ്ണാകുന്നേൽ മാത്തു ചാക്കോ ചക്രം ൨൫. Rev. Fr. Superior of Carmelite students, mangalore. രൂപാ ൨൫. തത്തനാട്ടു പൌലൊ മത്തായി രൂ ൫. പുളിക്കത്താവറിയു അന്തോനി രൂപാ ൫. ചക്രം ൧൯. Rev. Fr. joseph chamany രൂപാ ൨൫ ഏ. ഏ. ജോസഫ് രൂപാ ൫. ഏ. സി. ജോസഫ് രൂപാ ൫. ചിറമേൽ അന്തോനിത്തരകൻ രൂപാ ൨൫. മാടക്കായി ജോസഫ് രൂപാ ൫ ബ. ചിറമേൽ ദേവസ്സിക, ചക്രം ൨൯ ക. ശു ൨൫.

☞ ഈ സംഖ്യയെക്കുറിച്ചു ആക്ഷേപങ്ങിലും തക്ക മുണ്ടായിരുന്നാൽ ഉടനെ മാനേജരെ അറിയിക്കേണ്ടതാണു്.

REGISTERED No M. 365

പഞ്ചാംഗം.

ഫൽഗുന നവമ്പർ — വൃം തുലാം. — വൃശ്ചികം.

ഇംഗ്ലീഷ്		മലയാളം		വിശേഷ ദിവസങ്ങൾ
മാസം	തിയ്യതി	തിയ്യതി	നക്ഷത്രം	
തുലാം.	൧	൧൭	ചൊ	✠ സകലശുദ്ധകപ്പെട്ട. നാ. കു. പെ. വെ. ൧൮
	൨	൧൯	ബു	സകല മരിച്ചവർ. നാ. അ. കു. മരി. കു. ... ൧൮
	൩	൨൦	വ്യാ	എം നാ. അ. കു. പെ. വെ. ൧൮
	൪	൨൧	വെ	എം. നാ. അ. കു. പെ. വെ. ൨൮
	൫	൨൨	ശ	എം. നാ. അ. കു. പെ. വെ. ൧൮
	൬	൨൩	ഞാ	✠ പന്ത. രാഞ്ഞാ. നാ അ. കു. ദൈനം. ഞാഞ്ഞ പ. (൨) ൨
	൭	൨൪	തി	എം. നാ. അ. കു. പെ. വെ. ൨
	൮	൨൫	ചൊ	സകല ശു. എട്ട. നാ. അ. കു. പെ. വെ. ൨
	൯	൨൬	ബു	രക്ഷിതാവി. പള്ളിയഭി. നാ. അ. കു. പെ. പെ ൨
	൧൦	൨൭	വ്യാ	ശു. വേദ. രൂപ്പൊൻ ക്രൂട്ട. നാ. അ. കു. പെ. ചൂ. ൨
	൧൧	൨൮	വെ	ശു. അ. മൈ. മത്തീനൊ. നാ. അ. കു പെ. വെ. ൨൮
	൧൨	൨൯	ശ	ശു. പാ. വേദ. മത്തീനൊ. നാ. അ. കു. പെ. ചൂ. ൨
	൧൩	൩൦	ഞാ	✠ പന്ത. രാഞ്ഞാ. നാ. അ. കു. ദൈനം. സ. പ(൧) ൧൮
	൧൪	൩൧	തി	ഒഴിവു നാ. കു. അ. പ. ൧൮
	൧൫	൩൨	ചൊ	ഒഴിവു നാ. കു. അ. പ. ൧൮
	൧൬	൩൩	ബു	ഒഴിവു നാ. കു. അ. പ, ... ൧൮
	൧൭	൩൪	വ്യാ	ശു. മൈ. ശ്രീഗൊരി. നാ. അ. കു. പെ. വെ. ൧൮
	൧൮	൩൫	വെ	ശു. പത്രൊ, പൌ. പ. അഭി. നാ. അ. കു. പെ. വെ ൨൨
	൧൯	൩൬	ശ	ശു. പാ. വേദ. പൌന്ത്രൊനൊ. നാ. അ. കു. പെ. ചൂ. ൧൮
	൨൦	൩൭	ഞാ	✠ പന്ത. രാഞ്ഞാ. നാ. അ. കു. പന്ത. രാഞ്ഞാ. പ (൦) ൨
	൨൧	൩൮	തി	എ. ഭാ. കു. മരി. മയെൽത്താ നാ. കു. പെ. വെ. ൨
	൨൨	൩൯	ചൊ	ശു. കു. വേദ. കിക്കില്യാ. നാ. അ. കു. പെ. ചൂ. ൨
	൨൩	൪൦	ബു	ശു. പാ. വേദ. ക്ലൈമെൻസ നാ. അ. കു. പെ. ചൂ ൨
	൨൪	൪൧	വ്യാ	ശു. മൈ. യോഹ. ക്രുസു നാ. അ. കു. പെ. വെ. ൨
	൨൫	൪൨	വെ	ശു. കു. വേദ. കത്രീനാ. നാ. അ. കു. പെ. ചൂ. ൨൨
	൨൬	൪൩	ശ	ശു. അ. വേദ. പത്രോസു അലക്കെസ. നാ. അ. കു. പെ. ചൂ. ൨
	൨൭	൪൪	ഞാ	✠ ആഗമ. രാഞ്ഞ. നാ. കു. അ. റൊ. ൨ൽവായാ (൨) ൧൮
	൨൮	൪൫	തി	ശു. വേദ. ക്രിസൊഗൊനൊ. നാ. അ. കു. പെ. ചൂ. ൧൮
	൨൯	൪൬	ചൊ	ശു. അന്ത്രൂ. തലെ. നാ. അ. കു. തലെ * ൧൮
	൩൦	൪൭	ബു	(✠) ശു. അന്ത്രയൊ. ശ്ലീഹാ. നാ. കു. പെ. ചൂ. ൧൮

✠ അടയാളം ഏല്പാറക്കടമുള്ളദിവസം (✠) കടംനീക്കപ്പെട്ട ദിവസം
* ഇറച്ചിവിലക്കുള്ളദിവസം.

Printed and Published for the reprietor, by A. P. Mani.
at St. Joseph's Press, Mannanam.